BKM

# ഈ രക്തത്തിൽ ഭാഗമുണ്ടു

ൻകുന്നം ദാമോദരൻ

762
D19

ഈ രക്തത്തിൽ ഭ്രാന്തുണ്ടു്

NATIONAL BOOK STALL
SPCS
LTD
BR. KOTTAYAM.

# ഈ രക്തത്തിൽ ഭ്രാന്തുണ്ട്

(നാടകം)

DHARMARAM COLLEGE LIBRARY, BANGALORE.
19675
T62
D19

പൊൻകുന്നം ദാമോദരൻ

ബി. കെ. എം. പ്രസിദ്ധീകരണം

വില 1—50

(Malayalam)

EE RAKKUTHATHIL BHRATHUNDU

(Play)

BY PONKUNNAM DAMODARAN

*First Published* 1963

*Copies* 1000

PRINTED AT M. M. PRESS,
CHAMPAKULAM.

*Publishers*

B. K. M, BOOK DEPOT
CHAMPAKULAM

PRICE RS. 1—50

# കഥാപാത്രങ്ങൾ

1. സോമൻ—ഒരു ട്രാഫിക് കോൺസ്റ്റബിൾ. വയസ്സ് 25. ചടച്ച് സുമുഖനായ യുവാവ്. കാക്കി യൂണിഫോറം.

2. റോസി— വയസ്സ് 22. സോമൻെറ കാമുകി. ശോകച്ഛായ നിഴലിക്കുന്ന മുഖഭാവം. സാരിയും, ബ്ലൗസ്സും വേഷം. റിസ്റ്റ്‌വാച്ച്, ഹാൻറ്ബാഗ്, ഒരു അദ്ധ്യാപിക.

3. ഉമ്മർ— ഒരു റൗഡി. വയസ്സ് 30. കറുപ്പുനിറം. ചുവന്ന വട്ടക്കണ്ണുകൾ. മുറിമീശ. ഉറച്ച ശരീരം. കയിലിമുണ്ട്, വരയുള്ള ബനിയൻ, തലയിൽ ഒരു വട്ടക്കെട്ട് തുടങ്ങിയ വേഷം.

4. അക്കാമ്മ—റോസിയുടെ അമ്മ. വയസ്സ് 50. സ്ഥൂലിച്ച ദേഹം. നരകയറിയ തലമുടി. സ്വർണ്ണഫ്രെയിം കണ്ണട, ചെരുപ്പ്, ചട്ടയും, ഞൊറിയിട്ടുടുപ്പും വേഷം. ആകപ്പാടെ ഒരു പണക്കാരിയുടെ വേഷവും പ്രൗഢിയും.

5. തോമ്മാച്ചൻ—ഒരു റിട്ടയാർഡ് D.M.O. വയസ്സ് 60. (അക്കാമ്മയുടെ ഭർത്താവ്) നരച്ച മീശയും, കൃട്ടുപുരികങ്ങളും. (റോസിയുടെ പിതാവ്) വാക്കിംഗ്സ്റ്റിക്ക്, കണ്ണട, കോട്ടും, പാൻറും വേഷം.

6. ആനി മാത്യു B.Sc.—(ഡാ: മാത്യു പാറയ്ക്കലിൻെറ മകൾ) വയസ്സ് 20. മുടി രണ്ടായി പിന്നിയിട്ടിരിക്കുന്നു. കഴുത്തിൽ പളുങ്കുമാല, കയ്യിൽ റിസ്റ്റ്‌വാച്ച്.

7. ബേബി—(ജോണിയുടെ സ്നേഹിതൻ, ‘തേനീച്ച’ വാരികയുടെ പത്രാധിപർ) വെള്ളജുബ്ബാ, കറുത്ത പാൻറ്, കൂളിംഗ്ഗ്ലാസ്, ഷൂസ്, തോൽബാഗ്. വേഷം: കരിമീശ, ബുൾഗാനിൻതാടി, കഷണ്ടിത്തല. വയസ്സ് 30. വിഡ്ഢിച്ചിരി. (റോസിയെ വിവാഹം കഴിക്കാൻ ഒരുങ്ങിനടക്കുന്നയാൾ) ഒരുതരം യമലോകംവിരട്ടി.

8. ജോണി—വയസ്സ് 28. (ഡോ: പാറയ്ക്കലിന്റെ മകൻ) വോയിൽജുബ്ബാ, ഡബിൾദോത്തി, റിസ്റ്റ് വാച്ച്, ഷൂസ്. ഒരു കൊച്ചുമുതലാളിയുടെ വേഷം.

9. ഡോ: മാത്യു പാറയ്ക്കൽ—വയസ്സ് 50. ലേശം കഷണ്ടി, നര ബാധിച്ച മീശ, ഉറച്ച ദേഹം. പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത ആൾ.

10. ഒരു പോലീസ് ഇൻസ്പെക്ടർ.

11. ഒരു കോൺസ്റ്റബിൾ

12. ഒരു നെഴ്സ്.

13. ഭ്രാന്താസ്പത്രിയിലെ ഡോക്ടർ.

# ഇതിൻെറ ജഡ്ജിമാർ നിങ്ങളാണ്—വായനക്കാർ!

പ്രിയമുള്ളവരെ,

കേവലം ഒരു പത്രക്കുറിപ്പാണീ നാടകത്തിൻെറ നട്ടെല്ല്. ജാതി, മതം, മാമൂൽ, ശാസ്ത്രം, ആചാരമര്യാദകൾ എല്ലാംതന്നെ സംജാതമായതു് സമൂഹത്തിൻെറ നന്മയ്ക്കുവേണ്ടിയായിരുന്നിരിക്കണം. കാലം മുന്നോട്ടുവന്നപ്പോൾ സ്ഥിതിമാറി. ജാതിക്കുവേണ്ടി സമൂഹം, മതത്തിനുവേണ്ടി സമൂഹം, മാമൂലിനുവേണ്ടി സമൂഹം, ശാസ്ത്രത്തിനുവേണ്ടി, ആചാരമര്യാദകൾക്കുവേണ്ടി സമൂഹം മുട്ടുമടക്കണമെന്നായിപ്പോയി. എന്നുവച്ചാൽ ഇന്നലെവരെ വണ്ടിക്കുമുമ്പിൽ കെട്ടിയിരുന്നതുപോയിട്ടു് ഇന്നു കുതിരയ്ക്കുമുമ്പിൽ വണ്ടികെട്ടുക എന്ന നിലവന്നു. ഫലത്തിൽ, ജാതിമതാദി ഏർപ്പാടുകൾ സമൂഹത്തെ തിരിഞ്ഞുകുത്തുന്ന ഘടകങ്ങളായി മാറി എന്നുതന്നെ. മനുഷ്യപുരോഗതിയുടെ പാതയിൽ 'ബാരിക്കേഡ്'യത്തുന്നതിനായി അവ ഉപയോഗിക്കപ്പെട്ടു.

പുതിയ സമൂഹമനുഷ്യൻ അതിനെ പൊളിച്ചുമാററാൻ ആവശ്യപ്പെട്ടു. ആശാൻെറ ഭാഷയിൽ പറഞ്ഞാൽ: "മാററുവിൻ ചട്ടങ്ങളെ"–എന്നുതന്നെ ആ ആശയപരമായ വിപ്ലവം ഇന്നു് ഏതു മേഖലയിലും സംഭവിച്ചുകൊണ്ടിരിക്കുകയാണു്. ജാതിയുടെ സ്ഥാനത്തു് മനുഷ്യജാതി, മതത്തിൻെറ സ്ഥാനത്തു് മനുഷ്യമതം എന്നിങ്ങനെ മാററത്തിൻെറ കാററാണെവിടെയും. പുതിയ തലമുറയുടെ വിചാരഭാഷയ്ക്കു പുതിയ താളവും ഒഴുക്കും വന്നുകൊണ്ടേയിരിക്കുന്നു. അതു് അനിവാര്യമാണു്, ആരോഗ്യകരമാണു് എന്നു് അംഗീകരിച്ചുതുടങ്ങിയിട്ടും ഉണ്ടു്.

അത്തരം ഒരു പ്രമേയം എടുത്തു കൈകാര്യം ചെയ്തതാണു് ഈ ലഘുനാടകം. ജാതിയുടേയും; മതത്തിൻേറയും കവിണക്കല്ലേററ വിവശങ്ങളായ രണ്ടു ഹൃദയങ്ങൾ അനുഭവിക്കുന്ന യാതന നാടകമാക്കാൻ ഞാൻ ശ്രമിച്ചു. സ്നേഹത്തിൻെറ രക്തസാക്ഷിത്വത്തെ ആദരിക്കാൻ ഞാൻ കൊതിച്ചു. ഈ കലാസൃഷ്ടിയുടെ ജഡ്ജിമാർ നിങ്ങളാണു്—എൻെറ പ്രിയപ്പെട്ട വായനക്കാർ.

തിരുവല്ലാ
7-1-1961

നിങ്ങളുടെ
പൊൻകുന്നം ദാമോദരൻ.

# പൊൻകുന്നം ദാമോദരന്റെ കൃതികൾ

കവിത

1. മഗ്ദലമറിയം
2. സോവിയററിന്റെ മകൾ
3. രക്തരേഖകൾ
4. വാരിക്കുന്തങ്ങൾ (നിരോധിച്ചതു്)
5. രാമരാജ്യം (തോററംപാട്ട്)
6. ശുദ്ധാലോചന (ഓട്ടൻതുള്ളൽ)
7. നവരശ്മി
8. പ്രഭാതഭേരി (ഗാനങ്ങൾ)
9. ദുഃഖസത്യങ്ങൾ

നാടകം

1. വഴിവിളക്കുകൾ
2. ആറടിമണ്ണ്
3. അവൻ നമ്മോടുകൂടെ
4. ആകാശത്തിൽ കൊടികളും-ഭൂമിയിൽ കുമ്മായങ്ങളും
5. ആ കണ്ണീരിൽ തീയുണ്ട്
6. കണ്ണില്ലെങ്കിലും കാണാം
7. അവിടെ വെളിച്ചമില്ല
8. തടവുപുള്ളി
9. അടിമക്കച്ചവടം
10. കരിവേപ്പില
11. മതമേതായാലും-മനുഷ്യൻ നന്നാകണം
12. രാഷ്ട്രശില്പി
13. ഈ രക്തത്തിൽ ഭ്രാന്തുണ്ട്

നോവൽ

1. സർപ്പംകൊത്തുന്ന സത്യങ്ങൾ 7-1-61
2. ആദർശം തീച്ചൂളയാണ്.

# രംഗം ഒന്നു്

[നാലു റോഡുകൾ വന്നുകൂടുന്ന ഒരു ജംഗ്ഷൻ]

സോമൻ

(വാഹനങ്ങൾ 'സിഗ്നൽ' കൊടുത്തുകൊണ്ടു നില്ക്കുന്നു)

റോസി

(പ്രവേശിക്കുന്നു. കൈയ്യിൽ 'ലേഡീസ്' കുട. ഹാൻറ് ബാഗ്. നിറപ്പകിട്ടുള്ള സാരിയും, ചുകപ്പുചോളിയും വേഷം. ചെരിപ്പ്, റിസ്റ്റ്‌വാച്ച്, കഴുത്തിൽ പളുങ്കുമാല. ശോകഛായ നിറഞ്ഞ പുഞ്ചിരി.)

റോസി

സൂക്ഷിക്കണം കേട്ടോ!......വളരെ സൂക്ഷിക്കണം! ആ നശിച്ചവൻ ലാക്കുനോക്കി നടക്കുകയാ.

സോമൻ

എന്തു സൂക്ഷിക്കാനാ? വരുന്നതൊക്കെ വരട്ടെ. നമ്മൾ ആർക്കും ഒരു ദോഷവും ചെയ്യുന്നില്ലല്ലോ!

റോസി

അതു നമ്മുടെ തോന്നലല്ലേ? മററുള്ളവക്ക് അതല്ല അഭിപ്രായമെങ്കിലോ?

സോമൻ

ആട്ടെ നിങ്ങടെ മാനേജർ എന്തുപറഞ്ഞു?

റോസി

അപ്പച്ചൻ എന്നെവിളിച്ച് ഒരുപാട് ഗുണദോഷിച്ചു. ഞാൻ എല്ലാം മൂളിക്കേട്ടു.

സോമൻ

ദയവായി! (അ:പക്ഷാഭാവത്തിൽ) എനിക്കൊന്നു പറയാനുണ്ട്. അതു കേൾക്കണം.

റോസി

(കേൾക്കാൻ ആഗ്രഹിച്ചുനിൽക്കുന്നു) എന്താ?

സോമൻ

(ശങ്കിച്ചുശങ്കിച്ച്) എന്നെ...മറക്കണം!

റോസി

മറന്നാല്ലോ.

സോമൻ

കാര്യമായിട്ടു സംസാരിക്കു്. എന്നെ മറക്കുകയാണു് ഭാവിക്കു നല്ലതു്.

റോസി

അതു തീരുമാനിക്കാൻ മററാക്കും അവകാശം ഇല്ല.

സോമൻ

എന്നാൽ വരുന്നതൊക്കെ സഹിച്ചോ!

റോസി

ഇതാണോ, പറയാനുള്ളതു്? (വൈമുഖ്യത്തോടെ) നേരം എത്രയായി. എൻെറകാര്യം സാരമില്ല. നിങ്ങൾക്ക് ഈ സ്ഥലം വളരെ ആപത്താണു്.

സോമൻ

അതു സ്ഥലത്തിൻെറ കുററമല്ല.

റോസി

പുലിയറമ്പേബിയെ നിങ്ങൾക്കറിഞ്ഞൂടാ. ഭൂലോകതെമ്മാടിയാണു്!

സോമൻ

എന്നുവെച്ചിപ്പൊ ഞാൻ എന്തുചെയ്യണം?

റോസി

(ഒരു കത്തു കൈയ്യിൽകൊടുത്തുകൊണ്ടു്) ഒക്കെ ഞാൻ ഇതിൽ എഴുതിയിട്ടുണ്ടു്. വായിച്ചിട്ടു് അപ്പൊ, നശിപ്പിച്ചേക്കണം.

സോമൻ

(കത്തു വാങ്ങിക്കൊണ്ടു്) നാലുമണിക്കു കാണുമൊ?

റോസി

അപ്പോൾ മറുപടിവേണം. കത്തു നശിപ്പിക്കാൻ മറക്കല്ലേ?

(സംഭ്രമമുണ്ടെങ്കിലും സ്നേഹനിർഭരമായ കടാക്ഷത്തോടെ പോകുന്നു)

(സോമൻ നാലുചുററും കണ്ണയക്കുന്നു. വിറക്കുന്ന കൈകളോടെ കത്തുതുറന്നു മൗനമായി വായിക്കുന്നു. കത്തിൽ അഗാധമായ ശ്രദ്ധ എത്തിയമട്ടിൽ നിൽക്കുന്നു)

(ഉമ്മർ തന്ത്രത്തിൽ പ്രവേശിച്ച് പുറകിൽക്കൂടിവന്നു കത്തു തട്ടിപ്പറിക്കാൻ ലാക്കുനോക്കുന്നു. ബേബി പുലിയറയുടെ വലത്തുമുഗം-ഗുണ്ട ആണ് ഉമ്മർ. 30 വയസ്സ്. ഒന്നാന്തരം ഒരു ഫെയൽമാൻെറ ദേഹപ്രകൃതി. കള്ളിവരയുള്ള സ്ലേക്കു്. കയിലിമുണ്ടു്. ചോരക്കണ്ണു്. മുറിമീശ, തലയിൽ ഒരു റൗഡിക്കെട്ടു്)

ഉമ്മർ

(ലാക്കു ശരിയാകാതെ നേരിട്ടുവന്നു്) ഇവിടെത്താടാ അതു്! ട്രാഫിക്പോലീസ്സുകാരൻെറ ജോലി!

(സോമൻ പരിഭ്രമിച്ച് മററൊന്നും മാർഗ്ഗംകാണാഞ്ഞ് കത്തു പുരുട്ടിക്കൂട്ടി വായിൽ ഇടുന്നു)

ഉമ്മർ

(തയ്യാറെടുത്തു മുന്നോട്ടുചീറി) അപ്പന്നി ഇരിക്കട്ടെ.

(കടന്നുപിടിക്കുന്നു. ആപൽക്കരമായ മല്പിടുത്തം. സോമൻ പരുക്കേററപോലെ നിലംപതിക്കുന്നു. "ഹമ്മേ!" എന്നു ഉച്ചത്തിൽ വിളിക്കുന്നു. സോമൻെറ വായിൽനിന്നും രക്തം പ്രവഹിക്കുന്നു)

(ഉമ്മർ എങ്ങോ മർമ്മസ്ഥാനത്തു് ഒരിടി ശൂ ഞ്ഞിടിക്കുന്നു)

ഉമ്മർ

ചുടുകാട്ടിലുമ്മാറെ മനസ്സിലായോടാ ഇപ്പോ? ഏഴ ദിവസംക്കുടി നിനക്കു ഞാൻ തന്നിരിക്കുന്നു. സുഖിക്കാൻ!

(പോകാൻഭാവിച്ച തിരിഞ്ഞുനോക്കുന്നു)

സോമൻ

ഹയ്യോ, വെള്ളം ..വെള്ളം. (കിടന്നു പിടയുന്നു)

ഉമ്മർ

വെള്ളം! കൊണ്ടുവരുന്നു, നിൻെറ അവള്! ട്രാഫിക്കപോലീസുകാരൻ ഡ്യൂട്ടിനോക്കുകയല്ല. പ്രേമിക്കാൻ നടക്കുന്നു.

(പോയിമറയുന്നു)

(സോമൻ കാലുംകൈയും പിടഞ്ഞു പരവശനായി ഉരുളുന്നു)

[യവനിക]

## രംഗം രണ്ട്

[ചന്ദനത്തോപ്പിൽബങ്ക്ളാവ്. വിരിയിട്ടമേശ. ഫ്ളവർവേസ്. കുഷ്യൻചെയർ രണ്ട്. മേശക്കുകീഴിൽ കോളാമ്പി]

[അക്കാമ്മ കസേരയിൽ ചാഞ്ഞിരുന്നുകൊണ്ട് 'മനോരമ' വായിക്കുന്നു. ചട്ടയും, ഞെറിയിട്ടുടുപ്പും വേഷം. സ്ഥൂലിച്ച ദേഹപ്രകൃതി. വയസ്സ് 50 നരച്ചമുടി, സ്വർണ്ണഫ്രെയിം കണ്ണട, ചെരിപ്പ്. ഒരു പണക്കാരിയായ തറവാട്ടമ്മയുടെ എല്ലാം പ്രൗഢികളും]

[സമയം പകൽ 12 മണി]

[തോമ്മാച്ചൻ പ്രവേശിക്കുന്നു. 60 വയസ്സ്. നരച്ചമീശ. നരച്ച കുട്ടപുരികങ്ങളും. കൈയ്യിൽ കുതിരത്തലവെച്ച വാക്കിംഗ്സ്റ്റിക്ക്. കട്ടിഫ്രെയിംകണ്ണട. ടൈ, കോട്ട്, സൂട്ട്-വേഷം]

(തോമ്മാച്ചൻ വന്നുനിന്നിട്ട്) അപ്പൊഴേയ്, സംഗതി ഒള്ളതാ. ഒറങ്ങാൻ കള്ളു വേറെകുടിക്കണം!

അക്കാമ്മ

(പത്രംവായന പെട്ടന്നുമതിയാക്കി വെട്ടിത്തിരിഞ്ഞു്) ഏ! (കസേരയിൽനിന്നു് എഴുന്നേറ്റുകൊണ്ട്) ഇതിയാൻ എന്നാതാ ഇപ്പറേന്നേ? ഒന്നുമൊന്നും തൊടാതെ!

തോമ്മാച്ചൻ

ഔസേപ്പുപറഞ്ഞതു ശരിയാന്ന്. ബാങ്കുപൊട്ടി. അങ്ങോട്ടുചെന്നുനോക്ക്. കെട്ടിടോം റിക്കാർട്ടും, ഒക്കെ പോലീസ്സുകസ്റ്റഡിയിലായി. ചുരുക്കം; നമ്മടെ അൻപതിനായിരംരൂപാ വെള്ളത്തിൽ.

അക്കാമ്മ

നേരുപറ, എന്നതാ ഈ കേൾക്കുന്നതു്?

തോമ്മാച്ചൻ

പിന്നെ നൊണയാ? നമ്മടെമാത്രമല്ല. ഡിപ്പോസിററുകാരുടെ പ്രളയമാ ഗേററിങ്കല്. ചെന്നൊന്നു നോക്കിക്കെ. നെഞ്ഞത്തടീം നിലവിളീംതന്നെ!

അക്കാമ്മ

(നെഞ്ഞത്തു കൈവെച്ച്) കർത്താവെ, ചതിച്ചോ? എന്നാ ഇതിനിപ്പൊ ചെയ്യ? വക്കീലമ്മാരോടുവല്ലോരോടും ആലോചിച്ചോ ഇതിയാൻ?

തോമ്മാച്ചൻ

എന്നാ ആലോചിക്കാനാടീ? ഡയറക്കർമാർ ഒക്കെ ഡൽഹിക്കുപറന്നു. നാട്ടിൽ നിന്നാൽ കൊന്നുകളകേല്ല്യോ! (ക്ഷീണംഭാവിച്ച്) നീചെന്ന് വല്ലോം ഇത്ര കുടിക്കാൻകൊണ്ടാ. വല്ലാത്ത കത്തല്. തണുത്തവെള്ളം താ.

അക്കാമ്മ

സർവ്വത്തുപോരേ?

തോമ്മാച്ചൻ

എന്താന്നാല് കൊണ്ടുവാ.

(അക്കാമ്മ അകത്തേക്കുപോയി ഒരു ഗ്ലാസിൽ സർബ്ബത്തുമായി പ്രവേശിക്കുന്നു തോമ്മാച്ചൻ കസേരയിൽ ചാഞ്ഞിരിക്കുന്നു. സർബ്ബത്തുവാങ്ങി ആർത്തിയോടെ കുടിക്കുന്നു. പാത്രം തിരിച്ചുകൊടുത്തുകൊണ്ട് പത്രം എടുത്തു വീശുന്നു)

അക്കാമ്മ

ഇതിയാനോട് ഞാൻ അന്നേപറഞ്ഞതാ, ബാങ്കിന്ന കൊഴപ്പമാ, പത്രത്തിലൊണ്ടെന്ന്. (അത്ഭുതം നടിച്ച് മൂക്കിന്മേൽ വിരൽവെച്ച്) അല്ല! എടുത്തുകൊണ്ടുപോന്ന പണം പിന്നേം കൊണ്ടെന്ന് ഇട്ടേച്ചുപോന്നോനല്ലേ ഇതിയാൻ?

തോമ്മാച്ചൻ

(അധികാരസ്വരത്തിൽ) ഭരിക്കാൻവരണ്ടാ കേട്ടോ! പറഞ്ഞിരിക്കുന്നു. ശരിയാ, പണം ഞാൻ മടക്കി എടുത്തതാ. കൊഴപ്പമൊന്നുമില്ലാന്ന് ആ സെബാസ്റ്റ്യൻ കൈയ്യടിച്ചുപറഞ്ഞിട്ടാ പിന്നെയുംകൊണ്ടെ ഇട്ടത്. ഇപ്പോഴ് അവള് ബുദ്ധി പറഞ്ഞുതരുന്നു!

അക്കാമ്മ

ഇനിക്കൊന്നും പറയാൻമേല. സമ്മതിച്ചു. ഒന്നും രണ്ടുമല്ല, രൂപാ അൻപതിനായിരമാ അവന്മാരടെ പെട്ടകുളിവെച്ചത്. എസ്റ്റേറ്റുമതി, എസ്റ്റേറ്റുമതിന്ന് ആയിരംതവണ ഞാൻ പറഞ്ഞതാ.

തോമ്മാച്ചൻ

കണ്ടോ, കണ്ടോ, ഇപ്പം അവള് കാലുമാറിയതു കണ്ടോ!

അക്കാമ്മ

കെട്ടിച്ചേ, പെണ്ണിനെ ഒന്നു കെട്ടിച്ചേ ഇപ്പം!

ഇതിയാനൊണ്ടല്ലൊ....ശേഷമൊറുള്ളോരു പറഞ്ഞാൽ കേക്കേലെ.

തോമ്മാച്ചൻ

(സ്വരം ഉയർത്തി) പെണ്ണിനെ ഇപ്പം കെട്ടിക്കുന്നില്ല. (പുച്ഛസ്വരത്തിൽ) പോടീ, ശേഷമൊറുള്ളോരേ! അവളൊരു വൈസ്രോയി!

അക്കാമ്മ

(അന്തസ്വരത്തിൽ) ശ്ശൊ അൻപതിനായിരം ഗോപിവരച്ചു എന്നിട്ടും "വൈസ്രോയീ"വിളിയാ പിന്നേം? അങ്ങനെയിരിക്കും.

തോമ്മാച്ചൻ

അല്ലേലും പുന്നത്താനംവിത്തല്ലേ നീ. പറ, പറ. ആനയൊള്ള കുടുംബക്കാരത്തിയല്ലേ നീ.

അക്കാമ്മ

(കലികൊണ്ടു്) പുന്നത്താനംകുടുംബക്കാരെപ്പറയണ്ട. അമ്പതിനായിരംകൊണ്ടെ ആറ്റിൽകളഞ്ഞതുംപോരാ, കുടുംബക്കാരെം കുത്തിപ്പറകയാ? (താക്കീതുപോലെ) പിന്നേയ, ഒരു കാര്യമൊണ്ടു്; എൻെറ കുടുംബക്കാരെ കുത്തിപ്പറഞ്ഞാലൊണ്ടല്ലോ... ചന്ദനംത്താപ്പുകാക്കു മേലാണ്ടോ ആനവാങ്ങാൻ? പുന്നത്താനംകാരോട് ഇതിയാന് എന്താ ഒരസൂയ?

തോമ്മാച്ചൻ

(ഭാര്യയുടെമുമ്പിൽ പത്തിയൊതുക്കിക്കൊണ്ടു്) അയ്യോ അടങ്ങ്! നമ്മള് തോററു.

അക്കാമ്മ

ഹല്ലെയ്, എന്നാ പറഞ്ഞാലുമൊണ്ട്, എൻെറ വീട്ടുകാരെ ഒരു നിസ്സാരപ്പെടുത്തല്. ഇതിയാൻ ബെല്യ "ഉദ്യോഗസ്സ"നല്ലാേഞ്ഞാ? ഢീയെമ്മോ? ആനവാങ്ങികൊന്നില്ലെ?

തോമ്മാച്ചൻ

(തളൻ്) നമ്മള് പെൻഷൻകാരനായില്ലേടീ?

അക്കാമ്മ

അതിന്നല്ലേ? അല്ലാഞ്ഞ കാലം ഒണ്ടോന്നില്ലേ; അന്നു വയ്യാഞ്ഞാ?

തോമ്മാച്ചൻ

പോട്ടെടീ അക്കാമ്മേ. നീ ആ നാവൊന്നടക്ക്.

അക്കാമ്മ

പെണ്ണിൻെറ സ്ത്രീധനപ്പണമല്ലേ ആ പോയത്ത്?

തോമ്മാച്ചൻ

സ്ത്രീധനം ഇപ്പം കൊടുക്കണ്ടെന്നാ നിയമം.

അക്കാമ്മ

ഉണ്ണാം, എലയിട്ടിരുന്നോണ്ടാമതി. ആമ്പിള്ളേരെ കിട്ടണമെങ്കിലെ, പണംകൊടുക്കണം. വെള്ളിരുപാ. ഇതിയാൻ, നിയമോം പറഞ്ഞോണ്ടിരുന്നോണ്ടാമതി ഇവിടെ.

(രണ്ടാളും ഒരുനിമിഷം നിശ്ശബ്ദതപാലിക്കുന്നു)

അക്കാമ്മ

ആട്ടെ, പോയത്തുതന്നെയല്ലേ തൊക? അതൊ ഇ

ടാകുമോ? അതുപറ. അതൊ, ഞാൻ ഒന്നുചെന്നു ചോദിക്കണോ?

തോമ്മാച്ചൻ

വാങ്ങാമെങ്കില് ആയിക്കോ. ഡയറക്ടർമാർ ഡൽഹിപററി. ഇതൊക്കെയില്ലേ, നിൻെറ മോടെ ഗുണങ്ങളാ.

അക്കാമ്മ

എന്നെക്കൊണ്ടു വല്ലോം പറയിക്കും ഇതിയാൻ

തോമ്മാച്ചൻ

ഇതിൽക്കൂട്ടതലെന്നാ പറയാൻകിടക്കുന്നു! ആയിക്കൊ, ആയിക്കൊ!

അക്കാമ്മ

അല്ല, ഞാൻ അങ്ങോട്ടൊന്നു പോകയാ. ഇതിയാൻ അമ്മിക്കല്ലിനു കാററുപിടിച്ചപോലിവിടിരി. കാര്യം ഇനിക്കുംക്കൂടെ അറിയണം.

(അകത്തേക്കുപോകുന്നു)

(ഉമ്മർ പ്രവേശിക്കുന്നു. ഏതാണ്ട് ഒരു വിജയഭാവം മുഖത്തുണ്ട്)

തോമ്മാച്ചൻ

ആങ്, ഉമ്മർകുട്ടിയോ? ഈയിടെ ഇവിടെങ്ങും ഇല്ലേ?

ഉമ്മർ

അതു പറയാനാ വന്നതു്. ഒരാഴ്ചയായി. ഇന്ന് ഒൻപതുമണിക്കു തൊണ്ടിസഹിതം പിടിച്ചു. ശകലം കഴ്ന്നുപോയീന്നാ തോന്നണതു് ഹമുക്കിന്.

തോമ്മാച്ചൻ

കടന്നോട്ടെ, കടന്നോട്ടെ. അവൻെറ ചങ്കിൻെറ ക്രുമ്പുനോക്കി ഒരെണ്ണം കൊട്ടത്തോ? നീ അതുപറ. മാനംമര്യാദക്കാരടെ കുടുംമ്മത്തു ചീത്തപ്പേരുണ്ടാക്കാൻ നടക്കുന്ന തെമ്മാടി.

ഉമ്മർ

റോസിക്കുഞ്ഞിനെ നമ്മള് ഒരിക്കലും കുററംപറയാൻ ഒക്കല്ല. അതു ചെറുപ്പം, കുഞ്ഞ്. ഇത്രേമൊക്കെ പ്പടിച്ചെങ്കിലും ലോകം അറിഞ്ഞിട്ടില്ലാത്ത കൊച്ച്.

തോമ്മാച്ചൻ

എന്നിട്ടു പറ, എന്താ ഒണ്ടായതു്?

ഉമ്മർ

അതല്ലേ പറയാൻവരുന്നതു്! രാവിലെ ഒമ്പതുമണി. ഒരാഴ്ച്ചയായി നമ്മള് കാക്കുന്നു. യൂനിഃഫാറോം തല്ലിക്കേറി കുരിശു കൂവടലല്യ നിക്കല്ലേ അവൻ.

തോമ്മാച്ചൻ

നീയെവിടാ?

ഉമ്മർ

ഞാൻ മത്തായിടെ മാടത്തേലും. പമ്മിയങ്ങനെയിരുന്നു. റോസിക്കുഞ്ഞു കടന്നുപോകയാ; ആ മുഃക്കാനൊണ്ടല്ലോ! ഒരു ചൂളംവിളി!

തോമ്മാച്ചൻ

അവനൊ, എൻെറ മകളെകണ്ടിട്ടോ?

ഉമ്മർ

ആങ്ങ്! ഞാൻ നേരെയങ്ങോട്ടുചെന്നു. ചങ്കിന്റെ ക്രന്വുനോക്കി ഒന്നാങ്ങിട്ടുകൊടുത്തു. ഒന്നേ ഇടിച്ചൊള്ളു. അതാകെടക്കുന്നു മൂക്കുകുത്തി തഴേല്. മൂക്കിക്കൂടേം, വായിക്കൂടേം ചോര!

തോമ്മാച്ചൻ

ഏന്നോടൊന്നും മറയ്ക്കണ്ട. നീ കണ്ടതല്ലേ, ഏന്റെ മകളാന്നുവെച്ച് ഒന്നും മറയ്ക്കണ്ട ഏവക്ക്.. ഏവനോട് താല്പര്യംവല്ലാം നീ കണ്ടോ? കണ്ടെങ്കില് പറഞ്ഞേരു്.

ഉമ്മർ

ഒരുകാലത്തും പറകേല. ഏല്ലാം ആ മൂരക്കാന്റെ കുററമാ. വയസ്സും പ്രാപ്തീംചെല്ലാത്ത പെങ്കൊച്ചുങ്ങളെ വഴിതെററിക്കാൻ ആക്കാവയ്യാത്തെ? അവന്റെ തൊപ്പിതെറിപ്പിക്കണം.

തോമ്മാച്ചൻ

അവരാരുടെ പൊന്നു പിച്ചളയായതിനു മറവുള്ളോരെപ്പറയുന്നതെന്തിനാ? ഒക്കെ ഞാൻ അറിഞ്ഞോണ്ടാ ചോദിച്ചതു്.

ഉമ്മർ

അവനെ ഒന്നു ഏററക്കിയയയ്ക്കുരുന്നാല്ലോ ആശ്ശുപത്രീന്നു്! ട്രാഫിക്കുപോല്ലീസ്സുകാരനെ തല്ലിയതാകേസ്.

തോമ്മാച്ചൻ

ആശ്ശുപത്രീലാണോ! നീ മിടുക്കൻ. ഞാനോത്തു നീ ഏവടെപ്പായീന്നു്: കൊള്ളാം, നന്നായി...ആട്ടെ.

എന്റെ മോൾടെ കുററിക്കുംകൂടെ രണ്ടു കൊട്ടുക്കാൻ പാടില്ലാഞ്ഞോ? എങ്കിൽ നിനക്കു ഞാൻ മോതിരംതന്നേനെല്ലോ!

ഉമ്മർ

കുഞ്ഞിനെ വെഷംകൊടുത്ത് അവൻ വശീകരിച്ചതാന്നാ മാടക്കടെ മത്തായി പറഞ്ഞത്. അല്ലാതെ അതിൻെറ കുററമല്ല.

തോമ്മാച്ചൻ

ആട്ടെ, ഡാക്കൂർ പാറക്കലിന് ഞാൻ ഒരെഴുത്തുതരാം: കൊണ്ടെക്കൊട്.

(മേശവലിപ്പുതുറന്നു് ലററർപേഡ് എടുത്തു എഴുതാൻ തയ്യാറായിക്കൊണ്ടു്)

അപകടംവല്ലോം...ഒണ്ടോ?

ഉമ്മർ

അവനെ ഇന്നു് എറക്കണം.

(തോമ്മാച്ചൻ കത്തു് എഴുതുന്നു. ഉമ്മർ മാറിനിൽക്കുന്നു. അക്കാമ്മ യാത്രയ്ക്കൊരുങ്ങിയവേഷത്തിൽ. സാരി, കളർബ്ലൗസ്, ഹേൻറ്ബേഗ്; പ്രവേശിക്കുന്നു)

(ഉമ്മറെക്കണ്ടു്)

അക്കാമ്മ

എന്നാ ഉമ്മറെ?

തോമ്മാച്ചൻ

(എഴുത്തിൽനിന്നു വിരമിച്ചു്) കേട്ടോ, വിശേഷങ്ങള്: ഉമ്മറായതുകൊണ്ടു് പിന്നെ ഒരു സമാധാനം.

(എഴുത്തു തുടരുന്നു)

അക്കാമ്മ

ഞാൻ ആ ബാങ്കിലത്രടം ഒന്നു പോകയാ. കാര്യം വല്ലോം ഒണ്ടേല് പറ.

ഉമ്മർ

കാര്യം ഒന്നുമില്ല. പൊയ്ക്കോണ്ടാട്ടെ.

തോമ്മാച്ചൻ

എന്തിനാ ഉമ്മറെ മറയ്ക്കുന്നതു്? ഞാൻ പറയാമല്ലോ! (അക്കാമ്മയോടു്) എടീ, അക്കാമ്മേ, തൊണ്ടേല് പുഴത്താല് എറക്കാവോ... എറക്കാതിരിക്കാവോ? പറ?

അക്കാമ്മ

ഒന്നുമൊന്നും തൊടാതെ ഇതിയാൻ ഇപ്പറേന്നതെന്നാ ഉമ്മറെ?

തോമ്മാച്ചൻ

നീ അവിടെ ഇരി. പറഞ്ഞുകേപ്പിക്കാം കഥ.

അക്കാമ്മ

അതെ, ഇനി കഥകേക്കാൻ ഇരിക്കുന്നു.

തോമ്മാച്ചൻ

മകളുടെ കഥയാ. കേക്കണേൽ, കേക്കണ്ട.

അക്കാമ്മ

എന്താ ഉമ്മറെ ഇപ്പറേന്നെ?

ഉമ്മർ

ഓ, ഒന്നുമില്ല.

തോമ്മാച്ചൻ

എന്നാലേയ്, ആ സോമനില്ലേ, ആ മുക്കോൻ, അവനിട്ടു രണ്ടു കൊടുത്തു നമ്മടെ ഉമ്മറ്. ആശുപത്രീലാ.

അക്കാമ്മ

എന്തിന്? എന്തിനാ ഉമ്മറെ?

ഉമ്മർ

വേണ്ടിവന്നു. അങ്ങനെയൊക്കെ വേണം ചിലപ്പോ!

തോമ്മാച്ചൻ

എന്തിനാ നീ മറയ്ക്കുന്നതു്, അറിയട്ടെ, യോഗ്യതകള്. അമ്മച്ചിയല്ലേ?

അക്കാമ്മ

രൂപാ അൻപതിനായിരം കൊണ്ടുപോയി വെള്ളത്തിൽക്കളഞ്ഞേച്ചിരിക്കയോ. അതിനൊരുകേസുമില്ല.

തോമ്മാച്ചൻ

എന്നാ ഞാൻ പറഞ്ഞുതുടങ്ങിയതാ, പെണ്ണിനെ കയറൂരിവിടല്ല, കയറൂരിവിടല്ല എന്നു്.

അക്കാമ്മ

(ഉൽക്കണ്ഠിതയായി) എന്തോ കയറൂരിവിട്ടെന്നാ? കാര്യം പറ. എനിക്കുകൂടറിയണം.

ഉമ്മർ

ഓ, ഒന്നുമില്ല. ഒന്നുമില്ല.

തോമ്മാച്ചൻ

എടീ, നിൻെറ മോളില്ലേ, ആ മുഴക്കാച്ചെക്കനെമായി ചെങ്ങാത്തംപിടിച്ചിരിക്കയാന്നു്. അറിയാതിരിക്കണ്ട. കണ്ടുപിടിച്ചതു് നമ്മടെ ഉമ്മറാ. നീയും ഞാനുമല്ല. അറിഞ്ഞോ?

അക്കാമ്മ

(തീക്കട്ടയിൽ ചവിട്ടിയപോലെ) എന്നാ ഈ പറേന്നതു്, അതുമിതും? എൻെറ മകളാകേല.

തോമ്മാച്ചൻ

നിൻെറ മകളുതന്നെ—റോസിക്കുട്ടി!

ഉമ്മർ

കുഞ്ഞിനെ ഞാൻ കുററംപറകേല.

(അക്കാമ്മ കസേരയിലേക്കു ഉറച്ചിരിക്കുന്നു)

അക്കാമ്മ

കാര്യമെന്താന്നുപറ. വല്ലതുംകേട്ടോണ്ടു വല്ലതും പറേല്ല.

തോമ്മാച്ചൻ

എടീ, ഞാൻ ഇന്നാളേ പറഞ്ഞില്ലേ. (കസേരവലിച്ചിട്ടു് അടുത്തിരുന്നു രഹസ്യംമന്ത്രിക്കുന്നു)

അക്കാമ്മ

(ഉമ്മറെ ഗൗരവപൂർവ്വം നോക്കി) ഒള്ളതാണോ ഉമ്മറെ? വല്ലോംകേട്ടു വല്ലോം പറേല്ലേ.

ഉമ്മർ

റോസിക്കുഞ്ഞിനെ ഉമ്മറു കുററംപറകേല,

അക്കാമ്മ

അതു ഞാൻ തീരുമാനിച്ചോളാം. (ആത്മഗതമായി) എന്റെ മോളേ, നീ, എന്റെ വയററിൽപ്പിറന്നതാണോടീ.

[തോമ്മാച്ചൻ ഇരുന്നു കത്തെഴുതുന്നു]

അക്കാമ്മ

(ആലോചിച്ചു നിന്നശേഷം) അല്ല, ഇതു നേരാണോ എന്റെ ഉമ്മറെ?

ഉമ്മർ

അള്ളാണെ സത്യം. അവനെ ഞാൻ ശരിപ്പെടുത്തീട്ടൊണ്ട്.

അക്കാമ്മ

(കൈയ്യിലിരുന്ന ഹാൻറ്ബാഗു തറയിലേക്കെറിഞ്ഞിട്ട്) പോട്ടെ. അമ്പതിനായിരോം പോട്ടെ. ചെവിതൊറന്ന് എങ്ങിനെയാ ഞാൻ ഇനി പൊറത്തെക്കെറങ്ങുക. (ഉമ്മറിനോട്) ഇതു വല്ലോരും പൊറത്തറിഞ്ഞോടാ? പോക്കണംകേടായല്ലൊ!

ഉമ്മർ

മാടക്കടേലെ മത്തായിയല്ലാതെ മററാരും......എങ്ഹെ...... ഇവിടത്തെപ്പേരല്ലേ ചീത്തയാകുന്നതു്! ഉമ്മറ് അത്തരക്കാരനല്ല. തെമ്മാടിവേഷം കെട്ടിയാൽ തെമ്മാടി; അത്രെ ഉള്ളു.

അക്കാമ്മ

(ദുഃഖവും അവമാനഭാരവുംകൊണ്ടു് തല താഴ്ത്തി) കർത്താ

വെ, കല്യാണം ഇവിടെ ഒറച്ചു. തറവാടിന്റ മാനക്കേടായല്ലൊ! എന്റെറ വ്യാകുലമാതാവെ!......

ഉമ്മർ

മാടക്കടെ മത്തായി മാത്രമെ അറിഞ്ഞിട്ടുള്ളു. അവനെ ഞാൻ ചവിട്ടിയമർത്തീട്ടും ഉണ്ട്.

അക്കാമ്മ

ഹ്! അതൊ, ഒരു പോലീസ്സുകാരൻ മുക്കോൻ. ഛെടീ. (മൂക്കത്തു വിരൽവെച്ച് കൽപ്രതിമപോലെ നില്ക്കുന്നു)

(തോമ്മാച്ചൻ കത്തെഴുതി കവറിലിട്ട് ഉമ്മറെ ഏല്പിക്കുന്നു)

തോമ്മാച്ചൻ

കൊണ്ടെക്കൊട്. എന്താന്നറിയട്ടെ. ആശുപത്രിയിൽ വേണ്ട. വീട്ടിൽപ്പോണം. ഞാൻ കണ്ടോളാമെന്നും പറ.

അക്കാമ്മ

(തറയിൽ കിടക്കുന്ന ഹാൻഡ്ബാഗ് തുറന്ന് 10 ക എടുത്ത്) കൊണ്ടെ കാപ്പി കുടിച്ചോ. നീ ഞങ്ങടെ മാനം രക്ഷിച്ചുതരണം.

തോമ്മാച്ചൻ

പെണ്ണിനെ പഠിപ്പിച്ചോ നാലക്ഷരം! തെററി, അവിടെ തെററി.

അക്കാമ്മ

അതെന്തിനാ പറയുന്നെ? പെൺപിള്ളരൊക്കെ ഇങ്ങനെയാ?

ഉമ്മർ

വെഷമിക്കണ്ട, അമ്മച്ചി വെഷമിക്കണ്ട. (രൂപാ വാങ്ങിക്കുന്നു) (തോമ്മാച്ചനോട്) ഇവിടുന്നൂടെ ഒന്നു കണ്ടു പറഞ്ഞെങ്കിൽ!

തോമ്മാച്ചൻ

നീ എഴുത്തുകൊണ്ടേക്കൊട്ട്. വേണ്ടിവന്നാൽ ഞാൻ കണ്ടോളാം. വേഗം ചെല്ല്.

(ഉമ്മർ പോകുന്നു)

തോമ്മാച്ചൻ

ഇപ്പോഴും മനസ്സിലായോടീ, മകളെ താലോലിച്ചതിന്റെ ദോഷം? അയലക്കംചെങ്ങാത്തം.....എവിടെ എത്തീ ഇപ്പം?

അക്കാമ്മ

(കലികൊണ്ട്) അവടെ ചെങ്ങാത്തം ഞാൻ നിറുത്തിയേക്കാം. ഇങ്ങു വരട്ടെ.

തോമ്മാച്ചൻ

അവള് നാളെമൊതല് സ്കൂളിൽപോകണ്ട. ഉദ്യോഗം രാജികൊടുത്തേക്കട്ടെ. ബി. എ. പാസാക്കി. ബി. ടി. യും പാസ്സാക്കി. ഉദ്യോഗവും വാങ്ങിച്ചുകൊടുത്തു. തറവാട്ടിനു കൊടുത്ത കൂലി.

(അക്കാമ്മയോട്)

ഇതൊക്കെ നീ ഒരുത്തിയായിട്ടു വരുത്തിവെച്ചതാ. ഒരു റിട്ടയേഡ് ഉദ്യോഗസ്ഥനെ എന്തിനു പേടിക്കണം. അമ്മച്ചിയുടേം മോടേം ഉള്ളിലെ അഭിപ്രായങ്ങളാ

ണ്. (അവമാനഭാരം സഹിക്കാനാകാതെ) കാണിച്ചുതരാ മെടീ രണ്ടിനേം.

അക്കാമ്മ

എന്നെക്കൊണ്ടു് ഒന്നും പറയിക്കണ്ട. ഞാനാ കുററക്കാരത്തി? പെൺകുട്ടികളെ വളത്താൻ പടിക്കണം. അതിനു മററുള്ളോരോട്ട് തട്ടിക്കയറണ്ട.

തോമ്മാച്ചൻ

ചന്ദനത്തോപ്പു തറവാട്ടിലിതു് ആദ്യമാടീ. ഇനിക്കു കൊറെ ദണ്ണമൊണ്ടു്.

അക്കാമ്മ

പിന്നെ പുന്നത്താനത്തുകാരടെ കുടുംമ്മത്തിലാരിക്കും. വേണ്ട; അതങ്ങു വെച്ചേരു്. രൂപാ അമ്പതിനായിരം കൊണ്ടെ തൊലച്ചുകളഞ്ഞേച്ചു് ഇരിക്കയല്ലെ? അതിനാരാ കുററക്കാരത്തി?

തോമ്മാച്ചൻ

നിൻെറ സ്ത്രീധനത്തൊകയൊന്നും അല്ല അതു്. തൊലച്ചുകളഞ്ഞെങ്കിൽ മററാരോടും ഉത്തരിക്കണ്ട. ചെവിതൊറന്നു വഴിക്കെറങ്ങാറേമോടീ ഇപ്പോൾ! അതു പറ.

അക്കാമ്മ

ഇതിയാൻ ആരോടാ ഇപ്പറേന്നതു്? കുടുംമ്മം കുത്തി?

തോമ്മാച്ചൻ

(മുങ്ങിയ സ്വരത്തിൽ) തോററു; നമ്മളു തോററു. പറഞ്ഞിട്ടു കാര്യമില്ല. പെട ക്കുകുന്ന തറവാടാണിതു്.

അക്കാമ്മ

പൂവന്ന ക്രൂക്കുരുതോ? ഇതിയാൻ കെടന്നു ചാടാതെ.

തോമ്മാച്ചൻ

ഇല്ല. ഇക്കുടുംമ്മത്തു സാത്താൻ കേറിക്കഴിഞ്ഞു. (അകത്തേക്കു നോക്കി) പൈലീ, എടാ പൈലീ. വിളിച്ചാല് ഒരു പട്ടിയേം കാണുകേല വേണ്ടുന്നേരത്ത്.

അക്കാമ്മ

(എഴുന്നേററ്) പൈലീം പത്രോസും (അകത്തേക്കുപോകാൻ ഭാവിക്കുന്നു)

തോമ്മാച്ചൻ

നീ പോന്നില്ലേ ബാങ്കില്?

അക്കാമ്മ

അതെ, ഇനിക്കിപ്പം അത്ര വല്യ ആവശ്യമില്ല. കൊണ്ടെക്കളെഞ്ഞോരുപോയിത്തെരക്ക്. (അകത്തേക്ക് പോകുന്നു)

തോമ്മാച്ചൻ

(ചിന്തിച്ചിരുന്നശേഷം) ഇവിടെ സാത്താൻ കേറി. കേറിക്കഴിഞ്ഞു. അവൻെറ പിടിയാ ഇതൊക്കെ. ആ ഇനിക്കുതന്നെ എന്നാ? കുടുംബം ദൂഷിപ്പിക്കാൻ ഓരോന്നങ്ങനെ ഒണ്ടാകും.

[കോപം, സങ്കടം, നിരാശ, അവമാനബോധം എല്ലാം കൂടി വിവശനായി തല താങ്ങി ഇരിക്കുന്നു.]

[യവനിക]

## രംഗം മൂന്നു്

[ഡാ: മാത്യൂ പാററയ്ക്കലിൻെറ ബംഗ്ലാവ്.]

[സെററി, വട്ടമേശ, കുഷ്യൻകസേരകറം എല്ലാം അടുക്കും ചിട്ടയും ഒപ്പിച്ചിട്ടിരിക്കുന്നു]

[ആനി മാത്യൂ B. Sc. സെററിയിലിരുന്നു് എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. 20 വയസ്സ്. സാരി, ബ്ലൗസ്. മുടി രണ്ടായി പിന്നിയിട്ടിരിക്കുന്നു. കഴുത്തിൽ കറുത്ത പളുങ്കുമാല. റിസ്റ്റ്‌വാച്ച് കൈത്തണ്ടയിൽ. നിരാഭരണ]

['തേനീച്ച' പത്രാധിപർ ബേബി പ്രവേശിക്കുന്നു. വെള്ള ജൂബ്ബാ. കറുത്ത പേൻറ്. ഷൂസ്, കൂളിംഗ്ഗ്ലാസ്. ഫാറെറട്ടത്തൂ് ഇടംകൈക്കുയ്യിൽ പിടിച്ചിരിക്കുന്നു. തടിച്ചു വീർത്തൊരു തോൽബാഗ് കക്ഷത്തിൽ. സിഗരററ ടിന്നും തീപ്പെട്ടിയും ഒരു കൈയ്യിൽ. വയസ്സ് 30. കരിമീശ. ബുൾഗാനിൻ മോഡൽ താടി. "കുരുവിത്തല"]

[വന്നുനിന്നു് 'ജൻറിൽമാൻ' രീതിയിൽ]

ബേബി

വണക്കം, മാഡം!

(ആനി തലയുയർത്തി നോക്കി എണീററുകൊണ്ടു്)

ആനിമാത്യു

മനസ്സിലായില്ല. എവിടന്നാ?

ബേബി

എക്സ്യൂസ്മീ. പറയാം. എന്നെപ്പററി ജോണിച്ചൻ പറഞ്ഞിരിക്കുമല്ലൊ!

ആനി

ഇല്ല.

ബേബി

"വാട്ട ബ്യൂട്ടി, ബ്യൂട്ടി ഇസ് ഡ്യൂട്ടി" ഇപ്പോഠം മനസ്സിലായൊ? അതാണു മുഖക്കുറിപ്പ്.

ആനി

(അവജ്ഞയോടെ) എന്താ ഇപ്പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല. നിങ്ങഠം ആരാ?

ബേബി

ശരി. സ്വയം പരിചയപ്പെടുത്താം. "തേനീച്ച തേനീച്ച" എന്ന മാഗസിൻ കിട്ടുന്നില്ലേ? അതിൻെറ ചീഫ് എഡിററർ മിസ്റ്റർ ബേബിച്ചൻ കേട്ടുകാണും. "ധീരനാമദ്ദേഹമിദ്ദേഹമാക്കേട്ടോ!" (എന്നിട്ടൊരു പെരുള്ളച്ചിരിയും)

ആനി

ഇരിക്കണമെങ്കിൽ ഇരിക്കാം. ബ്രദർ ഇവിടെയില്ല

(ബേബി സോഫായിൽ കടന്നിരിക്കുന്നു. ബേഗും സിഗററ ടിന്നും മറും മേശമേൽ അലക്ഷ്യമായി വെക്കുന്നു)

(സിഗററ് എടുത്തു കൊളുത്തിക്കൊണ്ടു്)

ബേബി

വാട്ടെ ബ്യൂട്ടി; ബ്യൂട്ടിയിസ് ഡ്യൂട്ടി—തേനീച്ചയുടെ സന്ദേശമാണെന്നറിയാമല്ലോ! മാസിക മുറയ്ക്കു കിട്ടുന്നില്ലേ? വന്ന് ഫെയിസ്ററുഫെയിസ് ഇൻററർവ്യൂ നടത്തണമെന്ന് ജോണിച്ചനൊരു നിർബ്ബന്ധം. പറഞ്ഞുകാണും കാര്യം.

ആനി

ഇല്ല. എന്നോടൊന്നും പറഞ്ഞിട്ടില്ല.

ബേബി

ഇല്ല! അങ്ങനെ വരാൻ വഴിയില്ലല്ലോ!......പറഞ്ഞില്ല. തീർച്ചയല്ലേ?

ആനി

ഇല്ലെന്നു പറഞ്ഞില്ലേ?

ബേബി

എന്നാൽ ഞാൻതന്നെ പറഞ്ഞുകളയാം. പ്രശ്നം വളരെ ലളിതമാണ്. നമുക്ക് ഒരു മാരിയേജ് പ്രപ്പോസൽ ഉണ്ട്.

ആനി

ജോണിച്ചൻവന്നിട്ടു പറഞ്ഞാല്മതി. എനിക്ക് അകത്ത് ഒരു ജോലിയുണ്ട്. (വൈമുഖ്യത്തോടെ പോകാൻഭാവിക്കുന്നു)

ബേബി

വെയിററലിററിൽ മാഡം! ഇൻഷ്വർചെയ്തിട്ടുണ്ടോ ഇൻഷ്വർ...? ഞാൻ ഏറ്റും അങ്ങ് ഫ്രീഹാൻറായി

ട്ട സംസാരിക്കും. ആ പക്ഷക്കാരനാ. വിദ്യാഭ്യാസവും ഡിഗ്രീം ഉള്ള 'പെർസനാലിററിസിനെ'ക്കണ്ടാൽ വിശേഷിച്ച് ഈ മാര്യേജ് മാര്യേജ് എന്നുവെച്ചാലില്ലെ, വിവാഹമാണ്. വിവാഹമെന്നുവെച്ചാലോ, ജീവിതത്തിൻെറ ലൈസൻസ്. ഷേക്സ്പീയർ പറഞ്ഞിട്ടുണ്ട്. അല്ല നിങ്ങൾ ഹോമറിൻെറ ഒഡിസ്സി വായിച്ചിട്ടില്ലെ?

ആനി

ഞാൻ പോകട്ടെ. ജോണിച്ചായൻവന്നിട്ടു പറയാം.

(പോകാൻതുടങ്ങുന്നു)

ബേബി

പ്ലീസ്! (എഴുന്നേററ്) വൺവേഡ് ആൾസൊ. ഞാൻ ഒരു ജേർണലിസ്റ്റാണെന്നു അറിയാമെല്ലൊ! "തേനീച്ച"യുടെ കോപ്പികൾ എൻെറ ഹൃദയത്തിൻെറ രക്തംകൊണ്ടാണ് പുറത്തുവരുന്നതു്. എന്നുവെച്ചാൽ സോഷ്യലിസം! സോഷ്യാലിസംകൊണ്ടല്ലാതെ ഒരിഞ്ചു ഇനി മാസസ്സ് പുരോഗമിക്കയില്ല. അതാണ് ഞങ്ങൾ പറയുന്നതു് "വാട്ടെബ്യൂട്ടി, ബ്യൂട്ടിയിസ് ഡ്യൂട്ടി" എന്ന്.

ആനി

നിങ്ങൾ പറയുന്നതു് ഒന്നും മനസ്സിലാകുന്നില്ല.

ബേബി

സബാഷ്! പ്രശ്നം വളരെ ലളിതമാണ്. നമ്മുടെ റിട്ടയാർഡ് തോമ്മാച്ചനില്ലെ ഡിയമ്മൊ! ചന്ദനത്തോപ്പിൽഹൗസ്. അതിയാൻെറ മകളില്ലെ, റോസിക്കുട്ടി ബി. എ. ബി. ററി.

ആനി

(കേറംക്കാൻ കൗതുകത്തോടെ) ചന്ദനത്തോപ്പിൽ റോസിക്കുട്ടിയുണ്ട്, അതിന്?

ബേബി

ജോണിച്ചൻ പറഞ്ഞില്ലേ?

ആനി

എന്തു പറഞ്ഞില്ലേന്നാ?

ബേബി

അതും ഞാൻതന്നെ പറയാം. ആ വധുവിനെ ഞാൻ മാരിയേജുചെയ്യാൻ തീരുമാനിച്ചിരിക്കയാ. കാര്യമുണ്ട്: അവൾക്ക് ഒരു ലവ്വോഫെയർപററി-പ്രേമഭംഗം! പ്രേമഭംഗംസംഭവിച്ച സ്ത്രീഹൃദയങ്ങളായിരിക്കും പ്രേമത്തിൻെറ റോക്കററ്.

ആനി

ജോണിച്ചൻവന്നിട്ടു സംസാരിച്ചോളൂ.

(വൈമുഖ്യത്തോടെ അകത്തേക്കുപോകുന്നു)

ബേബി

മിസ്റ്റർ ജോണിച്ചനെക്കണ്ടിട്ടേ ഞാൻ പോകുന്നുള്ളു. എന്തെങ്കിലും ഒന്നു വായിക്കാൻതരണം അതുവരെ.

ആനി

(പോകുന്നപോക്കിൽ) ഇവിടെ ഒന്നും വായിക്കാൻ ഇല്ല.

ബേബി

തേനീച്ചകാണില്ലേ, തേനീച്ച.

(ആനി ഉത്തരംപറയാതെ അകത്തേക്കുപോയി)
(ബേബി വീണ്ടും സിഗാററുകൊളുത്തി വലിച്ചുകൊണ്ടു ജോണിച്ചനെ കാത്തിരിക്കുന്നു)

ബേബി

(അകത്തേക്കുനോക്കി) അല്ല, മാഡം, ജോണിച്ചൻ വരികേലെ ഇപ്പോൾ. ഞാൻ വെയിററുചെയ്യുയാണ്.
(ഒരുനിമിഷംകഴിഞ്ഞു് ആനിമാത്യു പ്രവേശിച്ചു്)

ആനി

ജോണിച്ചായനെ കണ്ടിട്ടേ പോകുന്നുള്ളുവെങ്കില് ഔട്ട്ഹൗസിൽ സൗകര്യമുണ്ട്. അങ്ങോട്ടിരിക്കാം!

ബേബി

ഏസ്സ് മാഡം. താങ്ക്യൂ!

ആനി

അവിടെ പത്രോം കെടപ്പുണ്ട്.

ബേബി

താങ്ക്യൂ! (എഴുന്നേററ്) എന്നാൽ ഞാൻ ഔട്ഹൗസിൽ ഇരിക്കാം. (പോകുന്നു)
(ആനിമാത്യുവും അകത്തേക്കുപോയി)
(ജോണിച്ചൻ പ്രവേശിക്കുന്നു)
(വയസ്സ് 28. കഴുത്തിൽ സ്വർണ്ണച്ചെയിൻ. വോയിൽ ജുബ്ബാ, ഡബിൾധോത്തി, റിസ്റ്റുവാച്ച്, ഷൂസ്. ആകെക്കൂടി ഒരു കൊച്ചുമുതലാളിയുടെ വേഷം)

ജോണി

അപ്പച്ചൻവന്നില്ലേ ആശുപത്രീന്ന്?
(വിളിച്ചുചോദിച്ചുകൊണ്ടു സെററിയിൽ ഇരിക്കുന്നു)

ആന്നി

(പ്രവേശിച്ച്) എന്തിനാ അച്ചായാ, ഇത്തരം ഫൂളി നെയൊക്കെ ഇങ്ങോട്ടു പറഞ്ഞയക്കുന്നതു്?

ജോണി

ആരെയാ? ആരെപ്പറഞ്ഞയച്ചെന്നാ ഞാൻ?

ആന്നി

ആരേം പറഞ്ഞയച്ചില്ലെ?

ജോണി

ഞാനാരേം പറഞ്ഞയച്ചില്ല.

ആന്നി

പിന്നെ ആരുപറഞ്ഞിട്ടാ ആ തേനീച്ച ഇവിടെ വന്നിരിക്കുന്നതു്? അയാളൊരു പത്രാധിപരും! നാക്കിനു ലൈസൻസില്ലാത്ത മനുഷ്യൻ!

ജോണി

ഓ, മിസ്റ്റർ ബേബിച്ചനൊ? എവിടെ?

ആന്നി

അയാളു് 'ഫെയിസ്റ്റു ഫെയിസ്' ഇൻററർവ്യൂ നടത്താൻ വന്നതാണെന്നു പറയുന്നു. ചന്ദനക്കാട്ടിലെ റോസിക്കുട്ടിയെ കെട്ടാൻപോകയാണെന്നു പറയുന്നു: ഞാൻ ലൈഫ്ഇൻഷുവർ ചെയ്യണമെന്നുപദേശിക്കുന്നു.

ജോണി

എന്നിട്ടെവിടെ?

ആന്നി

അതാ ആ ഔട്ട്ഹൗസിൽ ഇരിപ്പുണ്ടു്. അവിടെ

പോയിരിക്കാൻ ഞാൻ പറഞ്ഞു. ഇങ്ങനെ ലൈസൻസില്ലാതെ സംസാരിക്കുമോ മനുഷ്യൻ?

ജോണി

ആനിക്കു ആളെ മനസ്സിലായില്ല. തേനീച്ചയുടെ ചീഫ് എഡിററാ. അയാളുടെ സംസാരരീതിയാ അത്.

ആനി

അറിയാം അറിയാം. അയാളേം അറിയാം അയാടെ തേനീച്ചേം അറിയാം.

ജോണി

എന്നാലേയ്, നിനക്കറിഞ്ഞുകൂടാ. തേനീച്ച എന്നു കേട്ടാൽ പേടിക്കാത്ത ഒരൊററ ഉദ്യോഗസ്ഥൻ ഇന്നില്ലെടീ. അയാളുടെ പേന അത്രഭയങ്കരമാ. അതുപോട്ടെ നിന്നോട്ട് അയാൾ വല്ലതും പറഞ്ഞോ, വന്നകാര്യം?

ആനി

ഇനിക്കു അയാളോട്ടു സംസാരിക്കാൻ തോന്നിയില്ല: പോയി ഔട്ട്ഹൗസിലിരിക്കാൻ പറഞ്ഞു; ഇച്ചായനെ കാണാനാണെങ്കില്.

ജോണി

എന്നാലേ, എന്റെ ഫ്രണ്ടില്ലേ, റോസി—അവളെ ഞങ്ങൾ —

ആനി

ഞങ്ങളോ?

ജോണി

എന്നുവെച്ചാൽ ബേബിച്ചൻ, മാരേജു ചെയ്യേണ്ടി

വന്നിരിക്കയൊണ്: സംഗതിയൊക്കെ അറിഞ്ഞോണ്ടുത ന്നെയാ:

ആനി

റോസിക്കുട്ടിയെയോ? തേനീച്ചയോ? നല്ല ചേർച്ച യാണ്. ഒന്നാന്തരം സിലക്ഷൻ!

ജോണി

ആ റോസിക്കുട്ടിയെത്തന്നെ.

ആനി

അവൾ സമ്മതിച്ചോ? ആരാ ഇതിൻെറ ആലോ ചനക്കാരൻ?

ജോണി

അതൊക്കെപ്പറയാം: അവൾ ഒഴിച്ച് എല്ലാവരും സമ്മതിച്ചു: അവളെ സമ്മതിപ്പിച്ചെടുക്കേണ്ടഭാരം നി നക്കുള്ളതാ: നീ പറഞ്ഞാൽ കേൾക്കും.

ആനി

ചന്തമായി. നടപ്പുള്ള കാര്യമാ!

ജോണി

പിടിച്ചുകെട്ടി നടത്തും; അവടെ അപ്പൻ! അറിയാ മോ? ചന്ദത്തോപ്പുതറവാടിൻെറ കാര്യമാ! നീ പറ യണം!

ആനി

ഞങ്ങൾ ക്ലാസ്മേററ്സാ. കാണാറുമുണ്ട്. പക്ഷെ, റോസിക്കുട്ടിയെ ഇനിക്കറിയാം: അല്ല, ഇച്ചായനെന്താ ഇത്രനിർബ്ബന്ധം; തേനീച്ചയെക്കൊണ്ടു എടപെടുത്താൻ?

നല്ലതൊക സ്ത്രീധനം തട്ടിച്ചെടുക്കാൻ പ്ലാനിട്ടാണല്ലേ? ഇച്ചായന് ഇതു യോഗ്യതയല്ല.

ജോണി

ഇച്ചായൻെറ യോഗ്യത നീ തീരുമാനിക്കണ്ട. ഇച്ചായൻ പലതുംചെയ്യും. പലതും ചെയ്യിക്കും.

ആനി

എന്നാലേയ്, ആനിമാത്യു ചെയ്യേല. അതുവേറെ.

ജോണി

കൈ ഞങ്ങടം നടത്തും. ആട്ടെ, നീ കേട്ടോ, ആ പോലീസുകാരൻെറ ഏർപ്പാട്?

ആനി

ഇച്ചായാ, നമുക്കിതിലൊന്നും ഇടപെടണ്ട. ഞാൻ അപ്പച്ചനോട് പറയാൻപോകയാ.

ജോണി

എടീ, അവൻ ശരിക്കു മടിച്ചു. നീ അറികേലെ ആ പോലീസുകാരനെ? ഏതായാലും മുക്കോനെ കാറം എത്രയോ ഭേദമാ ബേബിച്ചൻ!

ആനി

ആ, എനിക്കിതൊന്നും കേൾക്കേംവേണ്ട, അറിക്കേംവേണ്ട. ഇച്ചായൻ അങ്ങാട്ടുചെല്ല്. തേനീച്ച കാത്തിരിക്കുന്നു. പക്ഷെ, ഈ കൂട്ടു നല്ലതല്ല. (അകത്തേക്കു പോകുന്നു.)

ജോണി

അപ്പച്ചനോടു നീ എന്നാക്കൊണ്ടു കെട്ടുള്ളതാഴി

വല്ലോം പറയരുത്. ഞങ്ങൾക്കു പല ഏർപ്പാടുകളുണ്ട്.

ബേബി

(പ്രവേശിച്ച്) ഹല്ലോ മിസ്റ്റർ ജോണിച്ചൻ! ഞാൻ എത്രനേരമായി കാത്തിരിക്കുന്നു ഔട്ടുഹൗസ്സിൽ. നിങ്ങളുടെ സിസ്റ്ററുണ്ടല്ലോ ആനിമാത്യു; തേനീച്ച അവക്ക് കിട്ടുന്നില്ലാന്നാണല്ലോ പരാതി! അല്ല എന്നെപ്പററി ഒന്നും പറഞ്ഞിട്ടില്ലേ?

ജോണി

ഞാനേയ്; ഒരു അർജ്ജൻറുകാര്യത്തിനുപോയി വന്നതേയുള്ളു. താങ്കൾ വന്നിരിക്കുന്നുന്നു പറഞ്ഞു അവൾ. (സെററിചൂണ്ടി) ഇരിക്കണം ഇരിക്കണം. പ്ലീസ് ടേക്‌യുവർ സീററ്.

ബേബി

(ഇരുന്നുകൊണ്ട്) നിങ്ങൾ എന്നെപ്പററി ഒന്നും ഇവിടെ ധരിപ്പിച്ചിരുന്നില്ലേ? പ്രശ്നം വളരെ ലളിതമാണ്. ഞാൻ അത് ആനിമാത്യുവിനോടങ്ങു പറഞ്ഞു: ഫ്രാങ്കായിട്ട്. നമുക്കെന്താ എയിം? "എസ്സാർനോ" അല്ലാതെന്നാ! ഏമൗണ്ട്......

ജോണി

"ഇൻറർഡക്ഷൻ" തെററിപ്പോയിമിസ്റ്ററെ നിങ്ങടെ. ഞാൻ അതു പറഞ്ഞാണേനെ. ആനിയെ നിങ്ങൾ അറികേല.

(ഉമ്മർ അല്പം പരിഭ്രമിച്ച് പ്രവേശിക്കുന്നു)

ഉമ്മർ

എൻെറ മൊതലാളീ, വല്യ കൊഴപ്പത്തിലാ കാര്യ

ങ്ങൾ. ഒന്നും പറയാനില്ല.

(ബേബിയും ജോണിയും ഉമ്മറെ ഒപ്പം കാണുന്നു)

ബേബി

(ഉൽക്കണ്ഠയും താല്പര്യവും നിറഞ്ഞ ഭാവത്തിൽ) ഹ.. ...ല്ലൊ! സബാഷ്, ഞാൻ നിന്നെ കാത്തിരിക്കയായിരുന്നു. കാര്യങ്ങൾ ഒക്കെ കേക്കട്ടെ!

ഉമ്മർ

കേക്കാനൊന്നും ഇല്ല. കൊച്ചുമൊതലാളീം, പത്രാധിപരുസാറും ഒക്കെക്കൂടെ നമ്മളെ ചുററിച്ചു.

ജോണി

ചുററിച്ചോ, ഞാനെ?

ഉമ്മർ

ഒരാളല്ല, രണ്ടാളുംക്കൂടെ.

ബേബി

(സിഗററവടിന്നു ഉമ്മറിൻെറനേരെ നീട്ടി) നീ ആത്മാവിനൊരു പൊഹകൊട്. എന്നിട്ടു ലളിതമായി കാര്യങ്ങൾപറ.

ഉമ്മർ

(ഒരു സിഗററെറടുത്തു കത്തിച്ചുകൊണ്ടു) രൂപാ അമ്പതിനായിരം വെള്ളത്തിൽക്കളഞ്ഞിട്ട് ഇരിക്കയൊ ആ തന്ത. പെമ്പിള പാരന്നതുവിട്ട് ഒരിഞ്ചുങ്ങോട്ടുമിങ്ങോട്ടും മാറുകേല. പെണ്ണിനെ മുക്കാൻ കൊണ്ടുപോകരുതെന്നുണ്ടുതാനും.

ജോണി

ചുരുക്കം, പണം കിട്ടിയില്ല അല്ലെ?

ഉമ്മർ

അവിടെ വല്യ ബഹളമാ. പെണ്ണിനെ അടിക്കേം ഇടിക്കേം ഒക്കെക്കഴിഞ്ഞു. ഞാൻ ചെന്നപ്പോ, അതാ സമയം. തള്ളേം തന്തേം തമ്മിലും വഴക്കാ.

ജോണി

എടാ നീ ഫൂളാ! നിനക്കു പറയാൻ മേലാഞ്ഞോ, അയാടെ ആവശ്യത്തിനാ, അയാടെ മാനം രക്ഷിക്കാനാ നീ ചെന്നു് കൊഴപ്പത്തിൽ ചാടിയതെന്നു്. ഡാക്കുർ പച്ചനോട്ടു് എണ്ണിയങ്ങോട്ടു കൊടുത്താലേ ഒക്കുന്നു്.

ബേബി

പ്രശ്നം വളരെ ലളിതമാണു്. പണം കൊടുക്കണം ഡാക്കുർ.

ഉമ്മർ

അവനെ ഇന്നു് എറക്കിവിട്ടില്ലെങ്കില് എനിക്കാ കൊഴപ്പം. പറഞ്ഞോതാരാരും ഇപ്പോൾ ഇല്ലാന്നാ വന്നിരിക്കുന്നതു്.

ബേബി

ആട്ടെ, എന്നെപ്പററി എന്തു പറഞ്ഞു അവിടെ? അതിനു പണം ഉണ്ടോ?

ജോണി

ഒക്കെ പിടിച്ചുടപ്പിക്കാമെന്നോയ്.

ഉമ്മർ

ഡാക്കുറേമാൻ എലിമീശ വണ്ണത്തിനു സമ്മതി ക്കലെ. രൂപാ ഇരുനൂററി അമ്പതു ഒരു കവറിലിട്ടു

അങ്ങോട്ട കൊടുത്തിട്ട് പറഞ്ഞാമതി അവിടെ കാര്യം. പടച്ചോൻെറ കാര്യമായാലും കേക്കണ്ണോ, പണം ആദ്യം വെക്കണം.

ജോണി

ആ അപ്പച്ചൻെറയടുത്ത് ഉരുട്ടും പിരട്ടും ഒന്നും ചെലവാക്കാൻ ചെല്ലണ്ട. അവിടെ റക്കമെന്നൻെറഷന്നം, സ്നേഹോംബന്ധുതേപാം ഒന്നും നടപ്പില്ല.

ഉമ്മർ

ആട്ടെ, കൊച്ചുമൊതലാളീ, ഈ പത്രാധിപരു സാറിൻെറ ആവശ്യത്തിനായിട്ടല്ലെ, ഞാൻ കടന്ന കൈ പ്രയോഗിച്ചതു്? വരുന്ന ലക്കം തേനീച്ചക്കു പത്രക്കട ലാസെടുക്കാൻ ആ സ്ത്രീധനപ്പണം കിട്ടീട്ടുവേണമെന്നും പറഞ്ഞാ കാത്തിരിപ്പ്.

ബേബി

പ്രശ്നം ലളിതമാണു്: നമുക്കു പത്രം നടക്കണം. പിന്നെ എമർജസി കടങ്ങൾം കുറെയുണ്ടു്, അതും വീട്ടണം. ജീവിതത്തിനു് ഒരു ലൈസൻസും വേണം. ദാററിസോൾം.

ജോണി

പണം അയാളുതന്നെ തരണം, വാങ്ങിക്കണം!

ബേബി

എന്നുവെച്ചാൽ പ്രശ്നം ലളിതമാണു്. 'കച്ചട'യാണെന്നു അറിഞ്ഞുകൊണ്ടുതന്നെ കയ്യേൾക്കാൻ തയ്യാറായ ത്യാഗിയാണു ഞാൻ. അതിനു ശ്രുപാ എണ്ണി ഇങ്ങോ

ട്ടതരണം. അഡ്വാൻസ്, ഇല്ലെ. വേണ്ട. തറവാട്ടുകാരന്റെ മോളെ മുക്കോൻ കൊണ്ടുപോയീന്നു വന്നോട്ടെ. തേനീച്ചയിൽ മുഖപ്രസംഗം എഴുതും, ഓർമ്മിച്ചോട്ടെ.

ജോണി

ഞാൻ പറയാൻപോകയാ: മാനംവേണോ, പണംനോക്കരുത്. പണമാണോ വേണ്ടതു്; മാനംകെടും!

ഉമ്മർ

കൊച്ചുമൊതലാളിക്കു പേടിക്കാനില്ല. ഞാനാപ്രതി! ആ കാറിന്റെ കേസില് ശിക്ഷകിട്ടുമെന്നാ വക്കീല് പറഞ്ഞതു്. ഇപ്പൊ ഇതുംകൂടെയായി.

ജോണി

പിന്നെ! വക്കീലല്ലെ വിധിക്കുന്നതു്! നീയൊന്നു പെടയ്ക്കാതെനില്ലുമ്മറെ. സാക്ഷിയെ വിസ്തരിച്ചുകഴിയട്ടെ. കേസെടുത്തു തോട്ടിൽക്കളയും.

ബേബി

ആട്ടെ, ഇതിയാൻ പറഞ്ഞിടത്ത് അടുക്കുന്നില്ലെങ്കില് "തേനീച്ചയി"ൽ ഫ്രണ്ടിലങ്ങു കൊടുത്താലോ ഡബിൾക്കോളം മേററർ! വായിക്കട്ടെ പൊതുജനം!

ഉമ്മർ

കൊച്ചുമൊതലാളി ഒന്നു വത്താനംപറഞ്ഞാല് ആ പെനഷൻകാരനെ സ്റ്റാൻറിൽപ്പിടിക്കാമെന്നെയ്. ആ പെമ്പ്രന്നാത്തീടെ പെട്ടീല് പച്ചനോട്ടിരിപ്പുണ്ട്, അട്ടിയട്ടി! അതു പുറത്തുവരുന്നതു അപ്പൊ കാണാം.

ജോണി

ശരി. അപ്പാൾ, രണ്ടുകാര്യം നടക്കണം. ഒന്നു്

ബേബിച്ചൻെറകാര്യം. മറെറാന്ന്, അവനെ ഡിസ് ചാർജ്ജുചെയ്യിക്കണം. രണ്ടിനും പോരണം പൈസ. ശരി, വഴിയുണ്ട്.

ബേബി

പ്രശ്നം ലളിതമാണ്. വാട്ടേബ്യൂട്ടി!

ജോണി

(എന്തോ ആലോചിച്ച്) അപ്പൊ, ശരി. ഉമ്മറെ, അംബാസിഡറല്ലെ ആ ഇംജനീയരുടെ കാറ്. കറുത്ത പെയിൻറ്? സൂക്ഷിച്ചിട്ടുണ്ടല്ലൊ?

ഉമ്മർ

അതുവേണ്ട മൊതലാളി. വേറെയൊണ്ട്. ആ അമ്പാസമദ്രക്കാരൻ വരട്ടെ.

ബേബി

"തേനീച്ച" അട്ടത്തമാസം ഇറങ്ങുമ്പോ, ന്യൂസ്പ്രിൻറിൻെറ പണം ആ റിട്ടയേർഡ് ഉദ്യോഗസ്ഥൻെറ ഇരുമ്പുപെട്ടീന്നുതന്നെ ഇറങ്ങണം.

ഉമ്മർ

കൊച്ചുമൊതലാളി ഒന്നുചെന്നാങ്ങിടപെട്ടാൽ സംഗതി ഇങ്ങുപോരും. പോലീസ്സുകാരൻെറ പിന്നാലെ ചാടിപ്പോകാൻ നിക്കുകല്ലേ?

ജോണി

(ആലോചിച്ചിരുന്നശേഷം) റൈററ്. നീചെന്നു കാറിറക്ക്. ബേബിച്ചനും പോരു്.

(ഉമ്മർ പോകുന്നു)

(ജോണിയും ബേബിയും പോകാൻതയ്യാറായി ഇരുപ്പിൽ നിന്നെഴുന്നേൽക്കുന്നു)

ബേബി

സംഗതി ലളിതമാണ്. പ്ലാൻ ഇട്ടുപോയാൽ നടക്കാത്തകാര്യങ്ങൾ കിടക്കുന്നോ?

ജോണി

വാ, ചായകുടിക്കണ്ടെ.

(ജോണി ബേബിയേയും കൂട്ടി അകത്തേക്കുപോകുന്നു)

[യവനിക]

# രംഗം നാല്

[വിജനമായ വഴി. വഴിയരികിൽ ഒരു കൊച്ചുപാറ ക്കെട്ട്]

[പശ്ചാത്തലത്തിൽ പടന്നു നില്ക്കുന്ന വൃക്ഷശാഖകൾ. ആനിമാത്യു അവിടെ ആരെയൊ പ്രതീക്ഷിച്ചിരിക്കുന്നു. സ്കൂളിൽനിന്നു വരുന്ന വേഷത്തിൽ റോസിക്കുട്ടി നടന്നു വരുന്നു. വ്യസനാകുലമായ മുഖഭാവം]

[രണ്ടുപേരും തമ്മിൽ കാണുന്നു. കാണുമ്പോഴെക്കും റോസിക്കുട്ടി ദുഃഖാക്രാന്തയായിത്തീൻ. ദുഃഖത്തിലും കൂടി അവരം പുഞ്ചിരിക്കുന്നു]

റോസി

എന്റെ ആനീ!........ (ഓടിച്ചെന്നു കെട്ടിപ്പിടിച്ച് നിലവിളിയടക്കാനാകാതെ വിഷമിക്കുന്നു) നിന്റെ അപ്പച്ചൻ ഇത്രക്കു ദ്രോഹിക്കുന്നതെന്തിനാ? ആ മനുഷ്യനെ? ആശുപത്രിയിൽപോലും കിടത്തുകേലെ? കഷ്ടം!

ആനി

ഞാൻ എന്തുചെയ്യാനാ എന്റെ റോസിക്കുട്ടി. എല്ലാം ഞാൻ കത്തിൽ എഴുതിയിരുന്നില്ലെ? (വഴിയരികിലുള്ള പാറക്കെട്ടിലേക്കു റോസിക്കുട്ടിയെ ഇരുത്തി ഒപ്പം ആനീയും അരികേ നില്ക്കുന്നു)

റോസി

ആശുപത്രിയിൽനിന്ന് എറക്കിവിടാൻ പോകയാണെന്നു കേട്ടു. നിൻെറ അപ്പച്ചൻ! ഒള്ളതാണോ എൻെറ ആനീ?

ആനി

എനിക്കു് അങ്ങോട്ടു വരാനാണെങ്കിൽ നിവൃത്തിയില്ല. ചന്ദനത്തോപ്പിൽ കേറിക്കൂടാന്നാ വീട്ടിൽ നിരോധനാജ്ഞ. അതിനു, ഞാൻ വഴിയിൽ കാത്തുനിൽക്കയാ നിന്നെ കാണാൻ.

റോസി

വേഗം ഒന്നു പറഞ്ഞേ. നിൻെറ എഴുത്തു വായിച്ചിട്ടു് ഒന്നും ഇനിക്കു മനസ്സിലായില്ല. എന്താ വേണ്ടതു്?

ആനി

നിന്നെ ഇനി സ്കൂളിൽ അയക്കുന്നില്ല, ഉദ്യോഗം രാജികൊടുത്തു പോരാൻ പറഞ്ഞൂന്നു കേട്ടല്ലോ! നേരാണോ? (കൈത്തണ്ടേലും, ചെകിട്ടിനും എന്തോ ചില അടയാളങ്ങൾ കണ്ടതായി നടിച്ചു്) അയ്യോ ഇതൊക്കെ എന്നാ, ഈ പാടുകളൊക്കെ? അയ്യയ്യോ!

റോസി

(കൈരണ്ടും ആനിയുടെ നേക്കു നീട്ടി) പിടിച്ചുകെട്ടിയതാ അപ്പച്ചൻ. (കാൽവണ്ണ കാട്ടിക്കൊടുത്തുകൊണ്ടു്) ഇതു കണ്ടോ ഇതു മുഴവൻ അടിയാ. ചൂരവടിക്കു്! ഇനി അടിക്കാൻ എന്റെ ദേഹത്തു സ്ഥലമില്ല.

ആനി

ഹെയ്യോ! ഇതുപോലൊരൊററയടി കൊള്ളാൻ

എന്നെക്കൊണ്ടാണെങ്കിൽ പറവുകേല. ഹൗ, വല്ലാത്ത കട്ടപ്പമാ നിൻെറ ഉള്ള്.

റോസി

കൈരണ്ടും പിടിച്ചുകെട്ടി സ്റ്റോർറൂമിലിട്ടു പൂട്ടിയിരിക്കയായിരുന്നു. നീ എന്തറിഞ്ഞിട്ടാണെൻെറ ആനീ!

ആനി

ആട്ടെ, അവരുപറയുന്നതു ശരിയല്ലേ? ഫാമിലിക്കൊന്നാകെ പീത്തപ്പേരല്ലേ നിൻെറ തീരുമാനം?

റോസി

ഫാമിലി! കൊല്ലട്ടെ അവരെന്നെ. എന്തു ഫാമിലിയാ ആനീ? എന്താ, സോമൻ മനുഷ്യവർഗ്ഗത്തിൽപ്പെട്ടകേലേ?

ആനി

അങ്ങനെ പറയാതെ. അവരുടെ ഭാഗത്താ ന്യായം. ലോകത്തെ പേടിക്കണ്ടെ? നിനക്കാണെങ്കിൽ ഡിഗ്രിയുണ്ട്, ഉദ്യോഗമുണ്ട്, കൊററതീന്ന ഒന്നാന്തരം തറവാട്. സോമനോ? ഒരു ട്രാഫിക്പോലീസ്സുകാരൻ. പിന്നെ...

റോസി

ജാതി മുക്കുവെനാണെന്നുംകൂടിയായിരിക്കും നിനക്കു പറയാനുള്ളതു്, അല്ലേ?

ആനി

എനിക്കൊന്നും പറയാനില്ല. അവക്കങ്ങനെ തോന്നിയതിൽ തെററുണ്ടോന്നു ഞാൻ ചോദിക്കയൊ നിന്നോട്ട്?

DHARMARAM COLLEGE LIBRARY, BANGALORE. 19675

റോസി

ആനിയും ഇങ്ങനെയാ പറയുന്നത്? നീയെങ്കിലും എനിക്കു കാണുമെന്നു വിചാരിച്ചു. നീയും സമയംവന്നപ്പോൾ തിരിഞ്ഞു. എല്ലാരും തിരിഞ്ഞോളിൻ! (കരയുന്നു)

ആനി

(റോസിയുടെ കണ്ണീർതുടച്ച് മുടികെട്ടിൽ തലോടിക്കൊണ്ടു്) ആദർശംകൈക്കൊള്ളുവാനെ സാധിക്കു കുഞ്ഞേ. നമ്മൾ അത് ആലോചിച്ചില്ല.

റോസി

ആട്ടെ, (നിശ്ചയദാർഢ്യത്തോടെ) എറുശലേമിൽനിന്ന് ഇറങ്ങി വന്നതാണോ ഞങ്ങടെ തറവാട്? കൺവർട്ടുചെയ്യാത്ത ഒരു ഒററക്രിസ്ത്യാനി ഇവിടെ ഉണ്ടോ, ഒന്നു പറ? നമ്മടെയൊക്കെ കുടുംബത്തിലെ ആദ്യത്തെ ആളില്ലെ, ആ അപ്പാപ്പനൊ ആ അമ്മാമ്മയൊ, തീർച്ചയായിട്ടും ഹിന്ദുവാരുന്നു.

ആനി

നിൻെറ യുക്തിയൊക്കെ ശരിയാ. എന്നാലും മുക്കവസമുദായക്കാരനല്ലെ സോമൻ? കണ്ണടച്ചിരുട്ടാക്കിയാൽ ഇരുട്ടാകുമൊ?

റോസി

ഞാൻ അതിൽ ഒരു കൊറവും കാണുന്നില്ല. നിന്നോടു ഞാൻ പറഞ്ഞിട്ടില്ലേ. ഞാൻ പഠിക്കുന്നകാലത്ത് എനിക്കുച്ചയ്ക്കു ഹൈസ്കൂളിൽവരെ പോവുകൊണ്ടെ തന്നിരുന്നു. കഷ്ടപ്പെട്ട് പട്ടിണികിടന്ന് ഇൻററവരെ പഠിച്ചിട്ടും ഉണ്ടു്.

ആനി

നീ മുഷിയരുതു്; ഞാൻ ചോദിക്കുകയാണു്. എന്താ, സോമനിത്രകണ്ടു് ഒരു യോഗ്യത!

റോസി

അത്രമാത്രം എനിക്കറിഞ്ഞുകൂടാ. ഞങ്ങൾ!...... (കരഞ്ഞുകൊണ്ടു്, കൈഞെരിച്ചുകൊണ്ടു) ഞങ്ങൾ!... മരണത്തിനല്ലാതെ മറെറാരു ശക്തിക്കും ഞങ്ങളെ പിരിക്കാൻ കഴികില്ലാന്നു മാത്രം എനിക്കറിയാം!

ആനി

പക്ഷെ, ഇവിടെ നീ തോൽക്കയുള്ളു.

റോസി

എനിക്കാരേം ജയിക്കണെമെന്നില്ല. അമ്മച്ചിപോലും, ഇന്നെൻെറ ശത്രുവാ. ഒക്കെസ്സഹിക്കാം എൻെറ ആനീ, നിൻെറ ബ്രദറും പിന്നെ ഒരു ഉടുമ്പുപോലത്തെ മനുഷ്യനും കൂടെ അവിടെവന്നു. അവൻ 'തേനീച്ച'പ്പത്രാധിപരാ, മഹാകേമനാ, ഇൻഷ്വറൻസു മാനേജരാ, കുന്തമാ, കൊടച്ചക്രമാ,

ആനി

തേനീച്ചയല്ലേ? ആ! അവനെ എനിക്കറിയാം. ജോണിച്ചായനെപ്പററി ഞാൻ എന്തോ പറയാനാ? ജോണിച്ചായൻെറ വലിയ ഒരു പ്ലാനാ അതു്.

റോസി

അവൻ ഒന്നാന്തരം തറവാട്ടുകാരനാ! തേനിൽക്കുളിച്ച തറവാട്ടുകാരൻ. എന്നെ അവനു പിടിച്ചുകെട്ടി

കൊടുക്കാനാണ് അപ്പച്ചൻെറ പ്ലാൻ. കുടുംബത്തിന്റെ മാനം രക്ഷിക്കാനാത്രേ.

ആനി

എന്നാൽ, ചത്താലും നീ അതിനു വഴങ്ങേണ്ട. അവൻ ശുദ്ധതെമ്മാടിയാ. കണ്ടവരെക്കൊണ്ടൊക്കെ കണ്ട മാനം ചീത്തയൊക്കെ എഴുതി തല്ലുംകൊണ്ടു നടക്കുകയാ! അവൻെറ തേനീച്ച! അവൻെറ ഒരു താടീം, പരുവോം ഥൂ! (നീരസിച്ചു തുപ്പിക്കൊണ്ട്)

റോസി

എൻെറ ആനീ, ആ ഉമ്മറെ എന്തിനാ നിൻെറ അച്ചായൻ കൂട്ടു പിടിച്ച് എന്നെ ദ്രോഹിക്കുന്നതു്? അയ്യോ, ഇനിക്കവനെ പേടിയാ. എത്ര പെണ്ണുങ്ങളെയാ അവൻ വഴിക്കിട്ടു പിടിച്ചു ഉപദ്രവിക്കുന്നതു്. ഈ നാട്ടിൽ പോലീസുമില്ല.

ആനി

ഇച്ചായൻ ആണ് അവനെ വളത്തി വിട്ടിരിക്കുന്നതു്. ആഴ്ചേല് ഒരു നാലുദിവസെങ്കിലും അവനൊണ്ടാകും. ഇച്ചായൻ ചെന്നു വിളിച്ചുകൊണ്ടുപോരും. നീ കണ്ടോ! പലനാൾ കള്ളൻ ഒരുനാൾ പെട്ടും!

റോസി

ഞാൻ ഇന്ന് ഒരു പിരേടിനു മുമ്പെ ഇറങ്ങിയതാ നിന്നെക്കാണാൻ.

ആനി

ഞാൻ ഒരു മണിക്കൂറായി ഇവിടെവന്നു നിൽക്കാൻ തൊടങ്ങീട്ട്. ആട്ടെ, നീ എങ്ങോട്ടാ ഇനി?

റോസി

അതു ഞാൻ ഉച്ചക്കേ നിന്നെ അറിയിച്ചല്ലൊ! (ദൃഢസ്വരത്തിൽ) ഞാൻ പോകും. അല്ലാതെ വയ്യാ! ഒരു പക്ഷേ ഇതു നമ്മുടെ ഒടുവിലത്തെ കാഴ്ചയായിരിക്കും.

ആനി

(റോസിയുടെ വായ് കടന്നുപൊത്തിക്കൊണ്ടു്) കൊള്ള രുതാഴിക പറയുന്നോ, അസത്തെ? ഇതു കേൾക്കാനാണോ ഞാൻ ഇവിടെ കാത്തു നിന്നതു്?

റോസി

ആട്ടെ, നിൻെറ കൈയ്യിൽ പണം വല്ലോം ഇരിക്കുന്നുണ്ടോ?

ആനി

പണമൊ, എന്തിനാ, എത്ര വേണ്ടീട്ടാ?

റോസി

ഫിഫ്ട്ടിരുപ്പീസു വേണം. ശമ്പളം കിട്ടുമ്പോൾ തന്നേക്കാം. ഒണ്ടെങ്കില് നാളെ പങ്കജാക്ഷിയുടെ കൈയ്യിൽ കൊടുത്തയക്കണം.

ആനി

ഞാൻ പറഞ്ഞാൽ നീ കേൾക്കുമൊ?

റോസി

എന്താ അങ്ങനെ ചോദിക്കുന്നതു്?

ആനി

കേൾക്കുമോന്നു പറ! എങ്കിലേ പറയൂ.

റോസി

കാര്യം കേട്ടിട്ടല്ലേ?

ആനി

എന്നാൽ......നീ ഇപ്പോൾ....വീട്ടിലേക്കു മടങ്ങി പോകണം. ആശുപത്രിയിൽ പോകണ്ട. അതുക്രൂടുതൽ ആപത്താകും.

റോസി

ഇതിൽക്കൂടുതൽ ആപത്തെന്തിരിക്കുന്നു? ആ മനുഷ്യനെ മനഃപൂർവ്വം ഡിസ്ചാർജ്ജചെയ്യിക്കാൻ അപ്പച്ചൻ ഏർപ്പാടുചെയ്തിരിക്കയാ. നിൻെറ ഫാദർ—പറയുന്നതിൽ പെണ്ണങ്ങളുഃതാ! പണം വാങ്ങിച്ചുകൊണ്ട് അനീതിചെയ്യാൻ പോകയാ. ഇനിക്കൊന്നു കണ്ടുപറയണം.

ആനി

അപ്പച്ചനോടു ഞാൻ ഒന്നു പറഞ്ഞുനോക്കട്ടെ. എന്നിട്ടു കേട്ടില്ലെങ്കിൽമതി നീ പോകാൻ.

റോസി

(ആശാപൂർവ്വം) പറയുമൊ നീ? എനിക്കുവേണ്ടി അങ്ങനെ ഒരുപകാരംചെയ്യുമൊ നീ? എത്രയൊക്കെയായാലും നീ പറഞ്ഞാൽ കേട്ടേക്കും. ഡാക്ടർക്കുകൊടുക്കാനാ ഞാൻ രൂപാ ചോദിച്ചതു്.

ആനി

നാളെ പറഞ്ഞാൽപോരെ. ഞാൻ തീർച്ചയായും പറയാം. ഒരുപക്ഷെ, എന്നോം സംശയിച്ചേക്കും. ആയിക്കൊള്ളട്ടെ.

റോസി

അപ്പോ, നാളെപ്പോരാ. ഞാൻവന്നു പുറത്തുനിൽക്കാം. നീവെന്നു പറയണം. 50 ക ഞാൻ കൊടുക്കാം. രക്തംതുപ്പിക്കൊണ്ടു കിടക്കുന്ന ഒരാളെ ചികിത്സിക്കാതെ ഡിസ്ചാർജ്ജ് ചെയ്യുന്നതു മഹാപാപമാ. കേസും തെളിവുമെല്ലാം കളയാൻ അപ്പച്ചൻ നോക്കുന്നുണ്ട്.

ആനി

നീകൂടെവരുന്നതു അപ്പച്ചനു ഇഷ്ടപ്പെട്ടുമോ എന്തോ. ഏതായാലും വാ. (റിസ്റ്റുംവാച്ചുനോക്കി) അപ്പച്ചൻ ആശുപത്രിയിൽ പോകാറായി. ഏതായാലും ഞാൻ പറഞ്ഞുനോക്കാം. സമ്മതിച്ചെങ്കില് നിൻെറ ഭാഗ്യം!

റോസി

ഞാൻവന്ന് പുറത്തുനിൽക്കയേയുള്ളു. (എന്തോ ഓർത്ത്) അയ്യോ, നിൻെറ ഇച്ചായൻ അവിടെ കാണുകേലെ?

ആനി

ഇച്ചായൻ കോയമ്പത്തൂർക്കുപോയിരിക്കയാ. ഉമ്മറും ആ ഉട്ടമ്പും ഒക്കെക്കൂടെ, കാറുവാങ്ങാൻ.

റോസി

എന്നാൽ വേഗംചെന്ന് ഒന്നു പറ നീ. ഏതായാലും നിൻെറ അപ്പച്ചനല്ലെ?

ആനി

നീ ഇന്ന് ഉണ്ടോ? നിൻെറ അപ്പച്ചൻ അന്വേഷിച്ചെങ്ങാനും വരുമോ? അതാ എനിക്കു പേടി.

(രണ്ടാളും നടന്നുമറയുന്നു)

[യവനിക]

## രംഗം അഞ്ച്

[ഡാക്ടർ മാത്യു പാറയ്ക്കലിൻെറ ബംഗ്ലാവിൽ ഡാക്ടരുടെ പ്രത്യേക ഓഫീസുമുറി]

[സമയം: നാലുമണിയോടടുത്തു.]

[ഡാ: മാത്യു ആശുപത്രിയിലേക്കു പോകാൻ ഭാവത്തിൽ ഡ്രസ്സുചെയ്തു നിൽക്കുന്നു സൂട്ടും ഷർട്ടും ടൈയും മാത്രം ധരിച്ചിരിക്കുന്നു. കോട്ട് ഇട്ടിട്ടില്ല. വയസ്സ് 50. നരകയറിത്തുടങ്ങിയ മീശ. ലേശം കഷണ്ടി. ആരോഗ്യമുള്ള ദേഹപ്രകൃതി]

[സെററി. വിരിയിട്ട വട്ടമേശ. മേശമേൽ കറുത്ത ബയിൻറിട്ട ബൈബിൾ. സ്ലിപ്പർവേസ്. ഒന്നുരണ്ടു സിററിംഗ് ചെയർ. ഭിത്തിയിൽ ക്രിസ്തുവിൻെറ ക്രൂശിക്കപ്പെട്ട കണ്ണാടിച്ചിത്രം]

[ഡാ: മാത്യു കസേരയിൽ പിടിച്ചുകൊണ്ടു നിൽക്കുന്നു]

[അകത്തേക്കു നോക്കി ആരുടെയോ വരവു പ്രതീക്ഷിക്കുന്നു]

ഡാക്ടർ

(കർട്ടൻെറ ഒരുഭാഗത്തുചെന്ന് അകത്തേക്കുനോക്കി) ആനി വന്നില്ലേടാ വർഗ്ഗീസ്സേ? അവള് എവിടെപ്പോയതാ, നിനക്കറിയാമോ?

(അകത്തു നിന്നു്)

കൊറെമുമ്പെ ചാമ്പത്തോട്ടത്തിൽക്കൂടെ നടക്കുന്നാ കണ്ടു. ചാമ്പയ്ക്കായും പറിച്ചു തിന്നോണ്ടു്.

ഡാക്ടർ

എന്നിട്ടു് എവിടെപ്പോയി?

(അകത്തു നിന്നു്)

പിന്നെക്കണ്ടില്ല.

(ഡാക്ടർ കസേരയിൽ പിടിച്ചു്, അകലേക്കു നോക്കി നിൽക്കുന്നു)

(മേശമേൽ നിന്നു സ്റ്റെത്തസ്കോപ്പു് എടുത്തു് വെറുതെ തോളിലേക്കിട്ടുകൊണ്ടു് കസേരയിലേക്കു് ഇരിക്കുന്നു. ആനിമാതൃവിനെ പ്രതീക്ഷിക്കയൊവണം)

(രണ്ടുനിമിഷം കഴിഞ്ഞു് ആനിമാതൃ പ്രവേശിക്കുന്നു. കൈയ്യിൽ, സോസറിൽവെച്ച ഗ്ലാസിൽ ചായയും ഉണ്ടു്. ചായകൊണ്ടുവന്നു് അപ്പച്ചനു ബഹുമാനത്തോടെ കൊടുക്കുന്നു)

(ഡാക്ടർ മകളെ തിരിഞ്ഞുനോക്കി)

ഡാക്ടർ

(അധികാരസ്വരത്തിൽ എന്നാൽ പരുഷമല്ലാതെ) എവിടെയായിരുന്നു മോളേ നീ?

ആനി

ഞാൻ നമ്മടെ നാരകത്തോട്ടത്തിലൊണ്ടായിരുന്നല്ലൊ! എൻറപ്പച്ചാ, ആ നാരങ്ങായൊക്കെ ആരാ പറിച്ചതു്? ഒററയെണ്ണമില്ലല്ലോ?

ഡാക്ടർ

ആരു പറിച്ചു? വർഗ്ഗീസിനോടു് മിനിഞ്ഞാന്നു

ഞാൻ പറഞ്ഞതതാ. മൂത്തതൊക്കെപറിച്ചെട്ടത്തോണേ, കള്ളൻ കൊണ്ടുപോമേ എന്ന്. (കാപ്പിവാങ്ങിച്ചു മേശ മേൽവെച്ചുകൊണ്ടു് അകത്തേക്കുനോക്കി) കേട്ടോടാ വർഗ്ഗീസേ, നീ കേട്ടോ, നാരങ്ങാ ആമ്പിള്ളരു കൊണ്ടുപോയെന്ന്. എന്തിനാടാ നീയൊക്കെ വേലക്കൊന്നുംപറഞ്ഞു വന്നു നിക്കുന്നെ? (ചായ കുറെശ്ശയായി കുടിച്ചുകൊണ്ടു്) അപ്പച്ചന്റെ കോട്ട്!

(ആനി അകത്തുപോയി കോട്ടും എടുത്തുകൊണ്ടു പ്രവേശിച്ചുനിൽക്കുന്നു)

ഡാക്ടർ

മോളെ, കൽക്കട്ടായിലാ നിനക്കു സീററുകിട്ടിയതു്. വെല്ലൂരിൽ ഇല്ല. കമ്പിയുണ്ടു്.

ആനി

ഉവ്വൊ, എപ്പൊക്കിട്ടി കമ്പി?

ഡാക്ടർ

പറയാൻ ഞാൻ മറന്നു. രാവിലെ ഹോസ്പിററലിൽ കിട്ടി. ഡോമിനിക്കിന്റെ ടെലഗ്രാമാ. പോയി ഒന്നാംതരമായിട്ടു ശ്രദ്ധിച്ചു പഠിച്ചോണം. കൽക്കട്ടാ കോളജ് ഒന്നാംതരം കോളജാണു്.

ആനി

ഡാക്ടർ ആയാൽ പാപം ചെയ്യേണ്ടിവരുമൊ അപ്പച്ചാ?

ഡാക്ടർ

ഇതാരു പറഞ്ഞുതന്നു?

ആനി

ഇനിക്കങ്ങനെയങ്ങ തോന്നുകയാ. അപ്പച്ചനെ പോലൊള്ള മനക്കട്ടിയുണ്ടെങ്കിലേ ഒക്കുന്നു്!

ഡാക്റ്റർ

ആ, മനക്കട്ടിവേണം.

ആനി

ലോകത്തിലേക്കം പുണ്യപ്രവൃത്തി ഏതാ അപ്പച്ചാ. അച്ചൻപട്ടത്തിനു പടിക്കയൊണോ, ഡാക്കുക്കു് പടിക്കയാണോ?

ഡാക്റ്റർ

എന്താ ഈ ചോദിക്കുന്നതു്? രണ്ടും രണ്ടാ. കണ്ണാണോ നല്ലതു് ചെവിയാണോ നല്ലതു് എന്നു ചോദിച്ചാൽ എന്നതാ ഇപ്പം മറുപടി പറയുക? തീർച്ചയായും ഡാക്റ്റർമാരുടെ സർവ്വീസ് പുണ്യമാണ്.

ആനി

ഇൻഡ്യയില് ക്രിസ്തുമതം വന്നിട്ടു് എത്രകാലമായി അപ്പച്ചാ?

ഡാക്റ്റർ

(ചിരിച്ചു്) ഒരു ബന്ധോം ഇല്ലാത്ത ചോദ്യമാണല്ലോടീ നീയിച്ചോദിക്കുന്നതു്.

ആനി

അപ്പച്ചൻ ഉത്തരം പറഞ്ഞേ! ഇനിക്കറിയാനാ.

ഡാക്റ്റർ

നിനക്കു കിറുക്കുണ്ടോ? എന്തിനാ ഇതൊക്കെ അറി

യുന്നതു്. B. Sc. പാസായ പെണ്ണിൻെറ ചോദ്യങ്ങള്!

ആനി

(ചിരിച്ചു് പൂർവ്വധികം ശാന്തതയോടെ) അപ്പച്ചൻ കിരുക്കാന്ന പറേല്ലേ... ചന്ദനത്തോപ്പിക്കാരു നല്ല ക്രിസ്ത്യാനികളല്ല. ഈഴവൻ കണ്ടർട്ടു ചെയ്തതാന്നു പറേന്നല്ലോ, ശരിയാണോ?

ഡാക്ടർ

ഇതിനൊക്കെ ഇക്കാലത്തു് വല്ലവിലയും ഒണ്ടോ പെണ്ണേ. ചന്ദനത്തോപ്പിക്കാരല്ല ഈഴവൻ കണ്ടർട്ടു ചെയ്തതാന്നു കേറംവി. അതു് പുന്നത്താനത്തുകാരാ. ചന്ദനത്തോപ്പിൽ തോമ്മാച്ചൻെറ തറവാട്ടു് നമ്പൂരി കണ്ടർട്ടു ചെയ്തതാന്നാ പറയുന്നതു്.

ആനി

അപ്പൊ എന്തുപോണം അപ്പച്ചാ നമ്മള് കൽക്കട്ടായ്ക്കു്.

ഡാക്ടർ

ഡൊമിനിക്കു് അറിയിക്കും. തയാറായിരിക്കാനാ കമ്പി. (റിസ്റ്റുംനോക്കി കോട്ടെടുത്തു് ഇട്ടുകൊണ്ടു്) നീ അതും ഇതുംപറഞ്ഞു് ടൈംകളഞ്ഞു. അഞ്ചുമിനിട്ടുവൈകി.

ആനി

അതുമിതുമല്ലപ്പച്ചാ. ഒരു കാര്യംപറയാനാ വന്നതു്.

ഡാക്ടർ

എന്താന്നാല് പറവേഗം.

ആനി

അപ്പച്ചൻ ചീത്തപറേം.

ഡാക്ടർ

നേരംഭപായി പെണ്ണെ, എന്താന്നാല് പറ. എന്തുവേണമെന്നാ? പുതിയ വാച്ചിൻെറകാര്യത്തിനാണെങ്കില് അതൊക്കെ നീ M. B. B. S. പാസ്സായിട്ട് തന്നത്താൻ കാശൊണ്ടാക്കീട്ട്; മനസ്സിലായോ?

ആനി

(ചാഞ്ചല്യത്തോടെ) അതല്ലപ്പച്ചാ. ഹോസ്പിററലിൽ ഒരു പോലീസ്സുകാരനെ അഡ്മിററുചെയ്തിട്ടൊണ്ടോ? ഉമ്മറിൻെറ ഇടികൊണ്ട?

ഡാക്ടർ

ആങ്ങ് ഒണ്ട്. സോമനെന്നുപറേം. ഒരു മുരക്കോൻ. അവനെ ഇന്നു ഡിസ്ചാർജ്ജ്ചെയ്യും. ഉം എന്താ ചോദിച്ചതു്? നിനക്കെന്താ അതിൽ ഇൻടറസ്റ്റ്?

ആനി

അപ്പച്ചൻ ചീത്തപറയരുതു്. അയാളുടെ പരുക്കു ഡയിഞ്ചെറാണെന്നോ, അപ്പച്ചൻ ചന്ദനത്തോപ്പിലെ തോമ്മാച്ചനോട്ട നൂറുരൂപാവാങ്ങിച്ചോണ്ടു അയാളെ ഏറക്കി പറഞ്ഞയയ്ക്കാൻപോന്നെന്നോ ഒക്കെ അപ്പച്ചൻെറപേരിൽ കമ്പ്ലെെൻറുണ്ടെന്നു കേട്ടല്ലോ!

ഡാക്ടർ

ശരി, നീ വക്കീലിനുപടിക്കേണ്ടവളാ. M.B.B.S ന് അല്ല. അവനില്ലെ, പോലീസ്സുകാരൻ, ആ മുരക്കോൻ.

അവനെ ഉമ്മറ് ഇടിച്ചതു് എന്തിനാണെന്ന നിനക്കറിയാമൊ?

ആനി

ഉമ്മറ് പലരെം തല്ലുന്നൊണ്ടു്, ഇടിക്കുന്നൊണ്ടു്. കള്ളക്കേസിലും തീവെപ്പുകേസിലും ഒക്കെ പ്രതിയുമാണെന്നെനിക്കറിയാം.

ഡാക്ടർ

സോമനില്ലെ, പോലീസ്സുകാരൻ, അവനെ ഇടിച്ചത് എന്തിനാന്നു് അറിയാമോന്നാ ചോദ്യം.

ആനി

അപ്പച്ചന ദേഷ്യംവരുന്നു. ഞാൻ മിണ്ടുന്നില്ല.

ഡാക്ടർ

പറഞ്ഞോ? നീ പറഞ്ഞോ? നീ എന്തറിഞ്ഞു മോളേ.

ആനി

അറിഞ്ഞതു ഞാൻ പറയാം. ചന്ദനത്തോപ്പു തോമ്മാച്ചൻ.

ഡാക്ടർ

നിൻെറ കൂട്ടുകാരത്തി റോസിയുടെ അപ്പൻ എന്നു പറ.

ആനി

എന്നാലും വിരോധമില്ല. ഉമ്മറിനു പണോം കള്ളും കൊടുത്തു് പോലീസ്സുകാരനെ ഇടിപ്പിച്ചു. ആശുപത്രീന്നു് ഡിസ്ചാർജ്ജു ചെയ്യിക്കാൻ അപ്പച്ചനേയും വ

ശത്താക്കി. എന്നിട്ട് ആ "തേനീച്ച"യില്ലേ, ആ തെണ്ടി, അവനെക്കൊണ്ട് റോസിയെ കെട്ടിക്കാനുംപോകയാ.

ഡാക്ടർ

(സ്വല്പം സ്വരം ഉയർത്തി) ആട്ടെ നിനക്കെന്താ ഇതിൽ കാര്യം?

ആനി

ഇനിക്കൊ, അപ്പച്ചൻ, എൻെറ അപ്പച്ചൻ കർത്താവിനെമറന്ന് മഹാപാപം ചെയ്യരുത്. എന്നെ അപ്പച്ചൻ തെററിദ്ധരിക്കാതിരിക്കാമെങ്കിൽ പറയാം.

ഡാക്ടർ

ടൈം ലേററായി. എനിക്കു പോണം. നിനക്കാവശ്യമില്ലാത്ത കാര്യത്തില് നീ തല ഇടരുത്.

ആനി

അപ്പച്ചൻ ആ പോലീസുകാരനെ ഡിസ്ചാർജ്ജ് ചെയ്യരുത്. ഉമ്മറെ അങ്ങനെ രക്ഷിക്കണ്ട. ഒന്നു ഞാൻ പറഞ്ഞേക്കാം. അപ്പച്ചനതറിഞ്ഞിട്ടില്ല. ആ ഉമ്മറും, തേനീച്ച ബേബിയും, ഒക്കെക്കൂടി നമ്മടെ ഇച്ചായനെ കൂടെ കൊണ്ടെ കുഴിയിൽ ചാടിക്കാനുള്ള ഏർപ്പാടൊക്കെ നടക്കുന്നൊണ്ട്.

ഡാക്ടർ

അതും ഞാൻ അറിയുന്നൊണ്ടെടീ.

ആനി

ആര്. എന്നാല് ആ പോലീസ്കാരനെ ദ്രോഹി

ക്കരുത്. ഇൻസ്പെക്ടരെ ചെന്നു സ്വാധീനിച്ച് ആ പാവപ്പെട്ടവന്റെ ജോലികളയാൻ ഉള്ള ശ്രമംവരെ ചെയ്തിരിക്കയോ.

ഡാക്കർ

പോലീസ്സുകാരൻ മേടിക്കേണ്ടവനാ. നിന്റെ കൂട്ടുകാരിയില്ലേ. അവളും നീയും കൂടി ഉള്ള കൂട്ടാണ് പോലീസ്സുകാരന്റെ വക്കാലത്തുമായി നീയിപ്പോൾ പുറപ്പെട്ടിരിക്കുന്നതു്.

ആനി

അപ്പച്ചനായിട്ട് അയാളെ ദ്രോഹിക്കരുതു്. എന്നെ ഓത്തു ദ്രോഹിക്കരുതു്. സോമനെ ഡിസ്ചാർജ്ജു ചെയ്യാതിരിക്കാമെങ്കിൽ അയാളുടെ ഉദ്യോഗം നഷ്ടപ്പെടുകയില്ല. അപ്പച്ചന് അതിനു എത്ര രൂപാവേണം ഞാൻ തരാം.

ഡാക്ടർ

നീയോ? എനിക്കു പണം തരാമെന്നോ? അകത്തു പോടീ. പോ അകത്തു്. ആവശ്യമുള്ളവർ എന്നെ ആശുപത്രിയിൽ വന്നുകണ്ടു. എനിക്കിപ്പോ അവളെ എത്തുമുക്കോൻ കൊണ്ടുപോയാലും ഒരു ദുഃഖമില്ല. പക്ഷേ, പണം വാരിവാരി ചെലവാക്കിയാണു ഞാൻ M. B. B. S. പാസായതു്. അതു സ്വർഗ്ഗരാജ്യം നന്നാക്കാനല്ല.

ആനി

അപ്പച്ചാ, നമ്മള് ക്രിസ്ത്യാനികളാണു്. പാപം ചെയ്യരുതു്.

ഡാക്ടർ

(പോകാൻ തയ്യാറായി കോട്ടും സൂട്ടും ഒക്കെയണിഞ്ഞു് സ്റ്റെത്തസ്കോപ്പും കഴുത്തിലിട്ടു് കണ്ണടയുംവെച്ചു് ഗംഭീരമായി ഒന്നു തിരിഞ്ഞു നോക്കികൊണ്ടു്) നീ പോടീ; പാപോം പുണ്യോം ഒക്കെ ഇനിക്കറിയാമെടീ. ആവശ്യക്കാർ എന്നെ ആശുപത്രിയിൽ വന്നു കാണുന്നുണ്ടു്.

ആനി

റോസി എന്റെ കൂട്ടുകാരിയാണു്. അവൾക്കു വേണ്ടിയാണു ഞാൻ പറഞ്ഞതു്.

ഡാക്ടർ

500 ക കൊണ്ടുവരട്ടെ. ഇല്ലേ രൂപാ, ഹോസ്പിററലിൽ ബെഡ്ഡുമില്ല.

(ഡോക്ടർ വേഗത്തിൽ നടന്നു മറയുന്നു)

(ആനി ചിന്താമഗ്നയായി ഡാക്ടർ പോയവഴി നോക്കികൊണ്ടു് നിൽക്കവെ വിവശയായ റോസിക്കുട്ടി കടന്നു വന്നു് അവളെ കെട്ടിപ്പിടിച്ചുകൊണ്ടു് വിങ്ങിവിങ്ങി കരയുന്നു)

റോസി

എന്റെ ദൈവമെ: നീയൊരു മാലാഖയാണു്. എല്ലാം ഞാൻ കേട്ടു.

ആനി

(ആത്മഗതമായി) എന്റെ അപ്പച്ചാ എന്തിനാണു് ഇപ്പണം! ചോരയുടെ ദുർഗന്ധമുള്ള പണം!

(വികാരഭരിതയായി നിൽക്കുന്നു)

[യവനിക]

## രംഗം ആറ്

[ആശുപത്രിയിൽ സോമന്റെ രോഗശയ്യ]

[സോമൻ കട്ടിലിൽ നീണ്ടുനിവർന്നു പുതച്ചുമൂടിക്കിടക്കുന്നു. കട്ടിലിന്റെ തലഭാഗത്ത് ഒരു കൊച്ചുമേശ. മേശമേൽ ഏതാനും കുപ്പികൾ ഔഷധം നിറച്ചുവെച്ചിരിക്കുന്നു. ഔൺസ്ഗ്ലാസ് അരികെ. കട്ടിലിന്നുതാഴെ ഒരു പാത്രം തുപ്പാനുംമററും]

[സോമന്റെ തല നെററിയടച്ചു വെള്ളത്തുണികൊണ്ടു കെട്ടിയിരിക്കുന്നു. മുഖരോമംനീണ്ടു വികൃതമായമുഖം. കണ്ണടച്ചുകിടക്കുന്നു]

[ഡാക്ടർ മാത്യൂ പാറക്കൽ പ്രവേശിക്കുന്നു. സ്റ്റെത്തസ്ക്കോപ്പു കഴുത്തിൽ ചുററിയിട്ടിരിക്കുന്നു]

[ഡാക്ടർ പരുഷഭാവത്തിൽ സോമന്റെ അരികെവന്നു]

ഡാക്ടർ

ഇപ്പോൾ വേദനയൊക്കെ മാറിയില്ലേ?

സോമൻ

ഇല്ല. ചുമച്ചുതുപ്പുന്നതു ചോരതന്നെയാ. (കട്ടിലിന്നുകീഴിലേക്കു നോക്കി) ഇതുമുഴുവൻ ഇന്നു തുപ്പിയതാ.

ഡാക്ടർ

(അലക്ഷ്യമായി) ഇതൊക്കെ വീട്ടിൽപ്പോയി മെഡിസിൻകഴിച്ചാൽ മാറാനെയുള്ളു. തന്നെ ഇന്നു ഡിസ്ചാർജ്ജുചെയ്തിരിക്കയാ.

സോമൻ

(നടുങ്ങി) അയ്യോ ഡാക്ടർ! എനിക്കു എണീററൊന്നിരിക്കാൻകൂടി വയ്യല്ലൊ!

ഡാക്ടർ

അതു തീരുമാനിക്കുന്നതു ഞാനാ. ഇതു് ഹോസ്പിററലാ; തൻെറ ഭാര്യവീടൊന്നും അല്ല.

സോമൻ

ദയവുചെയ്തു് ഡാക്ടർ —

ഡാക്ടർ

എടോ, ലോയും ചട്ടവും ഇവിടെയല്ല, അതൊക്കെ പുറത്തു്. തന്നെ ഡിസ്സ്ചാർജ്ജുചെയ്തിരിക്കുന്നു. (അകത്തേക്കുനോക്കി) എടൊ, ബാലകൃഷ്ണപിള്ളേ!

(അകത്തു്)

എന്തോ!

ഡാക്ടർ

13-ാംനമ്പർ കട്ടിലിനുതാഴെക്കിടക്കുന്ന ആ പേഷ്യൻറിനെ ഈ ബഡ്ഡിലേക്കു കിടത്തു്. ഭാനുമതി...... കേട്ടല്ലൊ! (പോകാൻതുടങ്ങുന്നു)

സോമൻ

ദൈവത്തെ ഓർത്തു ഡാക്ടർ —

ഡാക്ടർ

(തിരിഞ്ഞു്) തന്നെ ഡിസ്ചാർജ്ജു ചെയ്യേന്നു പറഞ്ഞില്ലേ? നടക്കാൻവയ്യെങ്കിൽ ടാക്സിവിളി.

(ഡാക്ടരുടെ സംസാരംകേട്ടുകൊണ്ടു റോസി പ്രവേശിക്കുന്നു)

(സോമൻ റോസിയെക്കണ്ടതോടെ കൂടുതൽ പരവശനായി വിങ്ങിവിങ്ങിത്തളരുന്നു)

റോസി

അയ്യോ ഡാക്ടർ! ഈ കിടപ്പിൽ, ഇങ്ങനെ പറയരുതു്. നാലുദിവസംക്രൂടി—

ഡാക്ടർ

(പരുഷമായി) നീയാരാ ഇയാളുടെ? നീ ചന്ദനത്തോപ്പിൽ തോമ്മാച്ചന്റെ മകളല്ലേ?

റോസി

അതെ.

ഡാക്ടർ

നിനക്കെന്താ ഇവിടെ കാര്യം. കടന്നുപോ.

റോസി

സങ്കടമുണ്ടു ഡാക്ടർ:

ഡാക്ടർ

ഇതു് സ്ഥലം ഹോസ്പിററലാ. അരങ്ങഴിഞ്ഞു നടക്കുന്ന ക്രുട്ടക്കു് വെളയാടാനുള്ള സ്ഥലമല്ല

റോസി

ഡാക്ടർ!......ഞാൻ അരങ്ങഴിഞ്ഞു നടക്കുന്നവളല്ല. അങ്ങു് ഗവമ്മേൻറിന്റെ ശമ്പളം വാങ്ങി സേവ

നം ചെയ്യേണ്ട ഒരു ഉദ്യോഗസ്ഥനാ. മരണമാത്രയിൽ കിടക്കുന്ന മനുഷ്യജീവനെ ഇങ്ങനെ ദണ്ഡിപ്പിക്കരുതു്. ഇതു ചോദിക്കാൻ ഒരു ഗവമ്മേൻറുണ്ടു്.

ഡാക്ടർ

(കോപിച്ചു്) ഷട്ടപ്പ്. ഗററ്ഔട്ട്. നിൻെറ ഗവമ്മേൻറ്!

സോമൻ

റോസിക്കുട്ടീ!...... (ദയനീയമായി വിളിച്ചു തടയുന്നു)

(ആനിമാത്യു വേഗത്തിൽ കടന്നുവന്നു)

ആനി

അപ്പച്ചാ. അനീതി ചെയ്യരുതു്. അങ്ങനെയുള്ള പണം നമുക്കുതകുകേല.

ഡാക്ടർ

(അത്ഭുതപ്പെട്ടും പകച്ചും കോപിച്ചും) നീയെന്തിനാടീ ഇവളുടെ കൂടെവന്നതു്? പോ വീട്ടില് (മുരന്നാട്ടുചീറി) ഉം, പോകാനാ പറഞ്ഞതു്. പോടീ.

ആനി

റോസിയെ ഞാനാ ഇങ്ങോട്ടയച്ചതു്. അപ്പച്ചനെന്താ ഈ ഒരു രോഗിയോട്ട് ഇത്ര വൈരാഗ്യം?

ഡാക്ടർ

ആഹാ! നീയും നശിച്ചോ. ഇത്രയ്ക്കൊക്കെ എത്തിയല്ലോ ചങ്ങാത്തം. (അകത്തേക്കു നോക്കി) എടാ, പത്രോസേ, ഇങ്ങോട്ടുവന്നു് ഇവനെ പിടിച്ചു് ഗേററിനു വെളിയിൽ തള്ളു്. ഉം! വേഗം. (ആനിയെനോക്കി കണ്ണുരുട്ടിക്കൊണ്ടു്) വീട്ടിലേക്കു വരുന്നു ഞാൻ. അ

വിടെ കാണണം നീ. (സോമനോട്ട്) എടാ......ഉടൻ, ഗേററിന്റെ വെളിയിൽ പോയിട്ടില്ലെങ്കിൽ.. ആ പോലീസ്സിനെ വിളിക്കും ഞാൻ.

(പോകുന്നു)

ആനി

(എന്തോ ധീരമായി ഉറച്ചപോലെ) റോസീ, നീ ഒന്നുകൊണ്ടും വിഷമിക്കണ്ട. നമുക്കു മെഡിക്കൽ കോളജ് ഹോസ്പിററലിൽ ആക്കാം.

സോമൻ

(എണീക്കാൻ ശ്രമിച്ചിട്ടു പരാജിതനായി കൈക്കുത്തി കൊണ്ട്) ഞാൻ ഒരുത്തൻ കാരണം രണ്ടു തറവാട്ടുകാർ കലങ്ങിയല്ലോ! എനിക്കു മരിച്ചാൽ മതി.

ആനി

കലങ്ങിയെങ്കിൽ തെളിയും. അല്ലെങ്കിൽ തെളിയണ്ട. എന്തുവന്നാലും ശരി.

റോസി

ഞങ്ങൾ തനിച്ചു പൊയ്ക്കൊള്ളാം. നീ കൂടി നശിക്കണ്ട. കഴിയുമെങ്കിൽ ഒരു കാര്യംമാത്രം ചെയ്യണം. മററൊന്നും വേണ്ട. ഞാൻ പിന്നെ ഇങ്ങനെ ഒക്കെ തീരുമാനിച്ചതാ.

സോമൻ

ആനിയമ്മേ, ഒന്നിങ്ങോട്ടു മാറിനില്ല്. എനിക്കു ഉറക്കെ സംസാരിച്ചുകൂടാ. (ചുമയ്ക്കുന്നു)

(ആനിമാത്യൂ അടുത്തു നിൽക്കുന്നു)

സോമൻ

ഞാൻ ഒരു പോലീസ്സുകാരനും ജാതിയിൽ മുക്കുവനുമാണെന്നറിയാമെല്ലോ! പോലീസ്സുകാരനും ഹൃദയമുണ്ടു്. മുക്കുവനും മനുഷ്യനാണു്. പക്ഷെ, അതു ലോകം സമ്മതിക്കുന്നില്ല.

ആനി

സോമൻ, നിങ്ങൾ സംസാരിക്കണ്ട. ഒക്കെ എനിക്കറിയാം. നിങ്ങൾക്കെന്താ വേണ്ടതു്? അതുപറ.

ആനി

ദയവുചെയ്തു ആനിയമ്മ വീട്ടിൽപോകണം. ഞാൻ നിങ്ങൾക്കു് ഒരു ഭാരമാകുന്നില്ല.

റോസി

ഇവിടെ ആരും അങ്ങനെ വിചാരിക്കുന്നില്ലല്ലൊ! മുക്കുവനെന്നും പോലീസ്സുകാരനെന്നും ഒക്കെ വിളിച്ചുപറയാതെ. നമുക്കു മെഡിക്കൽ കോളേജ്ജു ഹോസ്പിററലിലേക്കു പോകാം.

സോമൻ

എൻെറ ആനിയമ്മേ, ഇത്രത്തോളംവന്നിട്ടും ഈ പാവം കാര്യത്തിൻെറ ഗൗരവം അറിയുന്നില്ല. എന്നെ മറക്കാൻപറ.

റോസി

ഞാൻ പാവമല്ല. (ആനിയോടു്) ആനീ, നീ ഒരുകാര്യംമാത്രം ചെയ്താൽമതി: എങ്ങിനെയെങ്കിലും കുറെ രൂപുണ്ണമ്.

ആനി

ഇത്രെയുള്ളു, നെവർമയിൻഡ്: ഞാൻ വരട്ടെ. നിങ്ങൾ തയാറായിക്കൊ! (ആനി പോകുന്നു)

(റോസി സോമൻെറകട്ടിലിലേക്കു തലചാച്ച് ചാഞ്ഞിരുന്നുകൊണ്ട് കഠിനമായി ഏങ്ങലടിക്കുന്നു)

റോസി

എൻെറ ദൈവമെ, ജാതിയും മതവുംമറന്ന്, സ്നേഹത്തെ നോവിക്കാത്ത കാലംവരുമൊ!

സോമൻ

നിനക്കു തെററുപററി റോസിക്കുട്ടീ. നീ നശിച്ചു. (വിതുമ്പിക്കൊണ്ടു എഴുനേൽക്കാൻശ്രമിക്കുന്നു)

(അക്കാമ്മ പ്രവേശിക്കുന്നു. ചട്ടയും, പുടകയും, കസവുനേര്യതും വേഷം. ഭയങ്കരമായ ഭാവഭേദത്തോടെ)

അക്കാമ്മ

എണീക്കെടീ,

(റോസി കരഞ്ഞുകൊണ്ടു കുമ്പിട്ടിരിക്കുന്നു)

അക്കാമ്മ

(ഏങ്ങിക്കൊണ്ടും ജ്വലിച്ചുകൊണ്ടും) എണീക്കാനാ പറഞ്ഞതു്. (പിടിച്ചുവലിക്കുന്നു)

റോസി

ഞാൻ ഇനി വീട്ടിലേക്കില്ല. എനിക്കു-ആരുമില്ലമ്മച്ചീ.

അക്കാമ്മ

അമ്മച്ചീന്നോ? ഞാൻ നിൻെറ അമ്മച്ചിയല്ല. നീയെൻെറ മോളുമല്ല.

റോസി

അതാ ഞാൻ വരുന്നില്ലാന്നു പറഞ്ഞത്.

അക്കാമ്മ

എടി മുഃക്കാത്തി —(ആഞ്ഞടിക്കുന്നു. വീണ്ടും വീണ്ടും അടിക്കുന്നു. പിടിച്ചുതള്ളുന്നു. റോസി എല്ലാം സഹിക്കുന്നു)

സോമൻ

(വിഷാദം താങ്ങാനാകാതെ) ദൈവത്തെ ഓർത്ത് എന്റെ റോസിക്കുട്ടീ...

അക്കാമ്മ

ഫ! (ഉറക്കെ ആട്ടുന്നു) ആരാടാ നിന്റെ റോസിക്കുട്ടി?

റോസി

അമ്മച്ചീ ..ഞാൻ വരുന്നില്ല. ഈ മുക്കുവന്റെകൂടെ ജീവിക്കാൻ ഉറച്ചുകഴിഞ്ഞു. മുക്കുവത്തിയാകുന്നതിൽ ഒരു കൊറച്ചിലും ഇല്ല. എന്നെ വെറുതെയാ തല്ലുന്നത്. (അക്കാമ്മ റോസിയുടെ മുടിക്കു കടന്നുപിടിച്ചുകൊണ്ടു തെരുതെരെ പ്രഹരിക്കുന്നു) ഇല്ലേടീ, കൊറച്ചിലില്ലേടീ.

(അക്കാമ്മ റോസിയെ സർവ്വശക്തിയുംഎടുത്ത് ആക്രമിക്കുന്നു)

[യവനിക]

# രംഗം ഏഴ്

[ഡാക്ടർ മാത്യു പാറയ്ക്കലിന്റെ ബംഗ്ലാവ്. സ്വീകരണമുറി]

[സെററി, മേശ തുടങ്ങിയ ഉപകരണങ്ങൾ; ഡാക്ടർ മാത്യു ഹോസ്പിററലിൽ നിന്നുംമടങ്ങി വരുന്നവേഷത്തിൽ പ്രവേശിക്കുന്നു]

ഡാക്ടർ

(വന്നു കോട്ടൂരി കസാലയിൽ ഇടുന്നു. സ്റ്റെത്തസ്ക്കോപ്പ് മേശപ്പുറത്തേക്കു അലക്ഷ്യമായി ഇടുന്നു) ആനി, ഈ കോട്ടുകൊണ്ടെ സ്റ്റാൻറിൽ ഇട്. (ആനിമാത്യു ഒരു കവറുമായി പ്രവേശിക്കുന്നു)

ആനി

(കവറ നീട്ടികൊണ്ട്) എന്നോ അല്ലേ അപ്പച്ചനു നിലയ്ക്കു നിറുത്താൻ പറഞ്ഞു. നോക്കിക്കെ, ഇച്ചായന്റെ കത്താ?

ഡാക്ടർ

(കൈനീട്ടി കത്തു വാങ്ങിച്ച്) എന്താ വിശേഷം, എന്തെങ്കിലും കാണും കുരുത്തക്കേട്. ആരാ, ഇതുകൊണ്ടു വന്നതു്?

ആനി

ഇച്ചായനും ഉമ്മറും കോയമ്പത്തൂർ ലോക്കപ്പിലാ. വായിച്ചുനോക്ക്. തേനീച്ചയാ ഇതും കൊണ്ടുവന്നത്.
(ഡാക്ടർ കവറിൽനിന്നു കത്തെടുത്തു ധൃതിയിൽ വായിക്കുന്നു)

ഡാക്ടർ

എന്താ ഇതുകേസ്? എന്നിട്ട പത്രാധിപർ എവിടെ?

ആനി

അയാള് ഔട്ടഹൗസിൽ പോയികെടന്ന് ഉറക്കമൊ.

ഡക്ടർ

ഒന്നു വിളിപ്പിച്ചേ.

ആനി

എടാ വർഗ്ഗീസേ, ആ തേനീച്ചയെ ഒന്നു വിളിച്ചേ.
(അകത്തുനോക്കി വിളിച്ചു പറയുന്നു)

ഡാക്ടർ

(കത്തു വീണ്ടും വായിക്കുന്നു) 5000 രൂപയുടെ രണ്ടു ജാമ്യക്കാരേം കൊണ്ടു ഞാൻ ചെല്ലാനാണല്ലൊ എഴുത്ത്. നശിപ്പിക്കും, സർവ്വാം നശിപ്പിക്കും ഇവനൊരുത്തനായിട്ട്.

ആനി

ഇതൊക്കെ ആ ഉമ്മറിന്റേം തേനീച്ചേടേം സഹകരണത്തിന്റെ ഗുണമാ. അപ്പച്ചന് എന്നെയല്ലേ നിലക്കു നിറുത്താൻപറ്റൂ ഏതാണ്ട് ഒരു വലിയ കേസാന്നാ തോന്നുന്നത്. (തേനീച്ച പത്രാധിപർ ഉറക്കമുണർന്ന

വിധത്തിൽ പ്രവേശിക്കുന്നു)

എന്താ ഇതു ബേബിച്ചാ. എന്തുകേസാ?

ബേബി

പ്രശ്നം ലളിതമാണ്. നെൽസൺ കമ്പിനിമേനേജരുടെ ഒരു അംബാസിഡർ കാറു മോഷണം പോയി. ജോണിച്ചൻ പെന്നാദിവസം. കമ്പനിക്കാരൻ ജോണിച്ചനേയും ഉമ്മറെയും പോലീസിൽ ഫോൺകൊടുത്തു പിടിപ്പിച്ചു.

ആനി

ഈ മനുഷ്യൻ, എന്തുതോന്നിയാലും വേണ്ടില്ല, നേരൊന്നും അല്ലപ്പച്ചാ പറയുന്നത്.

ബേബി

തെററിദ്ധാരണ, തെററിദ്ധാരണ, ഞാൻ എന്താ മാഡം കളവുപറഞ്ഞത്?

ആനി

എന്നോടു മുമ്പെ പറഞ്ഞതു ഇങ്ങനെ ഒന്നും അല്ലല്ലൊ!

ബേബി

ശരി, ഞാൻ ഇനി ഒന്നും പറയുന്നില്ല. എല്ലാം ആ എഴുത്തിലുണ്ട്. അതു സ്വയം സംസാരിക്കട്ടെ.

ഡാക്ടർ

ഹാൻറുറൈററിംഗ് അവൻെറ തന്നെയാ. സെൻട്രൽ പോലീസുസ്റ്റേഷനിൽ ആണെന്നാ കത്ത്.

ബേബി

ഞാനും ഒപ്പം വരാമെല്ലൊ!

ഡാക്ടർ

നാശങ്ങള്! നീ കളഞ്ഞുകുളിക്കുമെടാ, എല്ലാം. എന്നിട്ട് തെരുവിൽ തെണ്ടിനടക്കണോ.

ആനി

ആരാപ്പറ്ഞ്ഞാ ഇപ്പം ജാമ്യക്കാരു്? അതൊ, 5000 രൂപയുടെ രണ്ടുപേരു്!

ഡാക്ടർ

കെടക്കട്ടെവിടെ. ഞാനിപ്പൊ ജാമ്യക്കാരേം കെട്ടി എടുത്തോണ്ടുപോകയല്ലേ. ജയിലിൽകിടന്നു മണ്ണുചുമ്മണമെടാ നീയ്. മണ്ണുചുമ്മണം.

ബേബി

ഒരു ചെറിയകാര്യം: എന്നുവെച്ചാൽ!

ആനി

(ചിരിച്ച്) പ്രശ്നം ലളിതമായിരിക്കും അല്ലേ?

ബേബി

വെരിവെരി ലളിതം: ഒന്നു കളിക്കണം. എന്തെങ്കിലും ഇത്ര ഓയിൽ. ലേശം സോപ്പ്, ദാററ്സാറ്.

ആനി

ഔട്ഹൗസിനു തൊട്ടു ബാത്തുറൂമാ, അങ്ങോട്ടുപോകാം. എല്ലാം അവിടെയുണ്ട്.

(തെറിച്ചമൂളിപ്പാട്ടുംമൂളി പോകുന്നു)

ഡാക്ടർ

ഇയാളെങ്ങിനെ രക്ഷപ്പെട്ടു?

ആനി

"തേനീച്ച"യല്ലേ! പറന്നുകളഞ്ഞതായിരിക്കും.

ഡാക്ടർ

ഏതായാലും എൻെറ മകൻെറ വ്യവസായം കൊള്ളാം.

ആനി

ഈ കൂട്ടുകാരെയൊക്കെ ഒന്നടിച്ചിറക്കാമോ, ഇച്ചായൻ നന്നാകും. എത്രനാളായി ഈ കമ്പനീം, ചീട്ടുകളീം സക്കീട്ടും തൊടങ്ങീട്ട്!

ഡാക്ടർ

ഇപ്പോഴിതിനെന്താചെയ്ക? രണ്ടു ജാമ്യക്കാരു വേണമല്ലോ! ആരാ? കണ്ടില്ലാന്നുവെക്കാമോ?

ആനി

ആരെയെങ്കിലും കൊണ്ടുപോണം. അപ്പച്ചൻ ഒരുവഴിക്ക് ഉണ്ടാക്കുക, ഇച്ചായൻ മറുവഴിക്ക് അതു കളയുക. ഞാൻ പെണ്ണായിപ്പോയില്ലേ, കാണാം. (അകത്തേക്കുപോകുന്നു)

(പന്ദനത്തോപ്പിൽ തോമ്മാച്ചൻ പ്രവേശിക്കുന്നു. സൂട്ടിലാണ്. ഹാററം വെച്ചിട്ടുണ്ട്)

(രണ്ടാളും "ഗുഡ്മോണിംഗ്" പറയുന്നു)

ഡാക്ടർ

ഞാൻ ഇപ്പൊ അങ്ങോട്ട് ഓർത്തേയുള്ളു. തോമ്മാച്ചേട്ടനു് ആയുസ്സൊണ്ട്. ഇരിക്കണം.

തോമ്മാച്ചൻ

എന്നാ, ഒക്കാൻ കാര്യം? വിശേഷിച്ച്?

ഡാക്ടർ

(അകത്തേക്കു നോക്കി) ആനീ, സർവ്വത്തു കൊണ്ടുവാ. ഐസ് ഇടണം കേട്ടോ! രണ്ടു ഗ്ലാസുവേണം. നമ്മടെ തോമ്മാച്ചേട്ടൻ വന്നിരിക്കുന്നു. (തോമ്മാച്ചനോടു തിരിഞ്ഞു്) പിന്നെ എന്തൊക്കെയാ വിശേഷങ്ങള്? റോസിക്കുട്ടിയൊക്കെ നേരേ ചൊവ്വേയായോ? ആഴ്ച രണ്ടു മൂന്നായ നിലക്ക് മാററം വന്നുകാണും.

തോമ്മാച്ചൻ

അവടെ തള്ളപറേന്നു ഇനി കൊഴപ്പം ഒന്നും കാണിക്കേലൊന്ന്. ഇനിക്കിപ്പഴും ബോദ്ധ്യമായിട്ടില്ല. പെൺപിള്ളരുടെ മനസ്സല്ലേ?

(ആനി സർവ്വത്തു രണ്ടു ഗ്ലാസിൽ കൊണ്ടുവന്നു മേശമേൽ വെച്ചു മാറി നിൽക്കുന്നു)

തോമ്മാച്ചൻ

അയ്യോ ഇവക്കു പോയില്ലേ കൽക്കട്ടോയ്ക്ക്?

ഡാക്ടർ

(ആനിയോടു്) പൊക്കൊ, ഗ്ലാസ് പിന്നെ വന്നെടുത്താൽമതി.

(ആനി പോകുന്നു)

ഡാക്ടർ

ഇവളും തോമ്മാച്ചേട്ടൻ പറഞ്ഞപോലാ. ഇനിക്ക്, വന്ന മണ്ടത്തരങ്ങളെ വരവൂന്നാ. പെൺകുട്ടികളെ, പ്രാപ്തിയായായൊ, കെട്ടിച്ചു പറഞ്ഞയച്ചേക്കുക. അല്ലാത്തതൊക്കെ തറവാട്ടിനു പേരുദോഷംവരുത്തിയേ അടങ്ങു.

തോമ്മാച്ചൻ

അപ്പോൾ ഞാൻ വന്നതുപറയാം.

(സർവ്വരത്തോടൂത്തു കുടിച്ചുകൊണ്ടു് രണ്ടാളും സംസാരം തുടങ്ങുന്നു)

ഡാക്ടർ

ഇനിക്കും ഒരു വല്യകാര്യം പറയാനൊണ്ടു്.

തോമ്മാച്ചൻ

ജോണിച്ചൻ കൊണ്ടുവന്ന ആലോചനയങ്ങു നടത്താമെന്നാ. അക്കാമ്മയും സമ്മതിച്ചു അവളുപിന്നെ എന്നാ ചെയ്യാനാ?

ഡാക്ടർ .

പെണ്ണോ?

തോമ്മാച്ചൻ

അതു് മററവനെ ആശുപത്രീനായച്ചതോടെ ഏതാണ്ടൊക്കെ ഒരു പാട്ടിലായി. ഏഴെട്ടുദിവസമാ ഞാൻ കൊണ്ടേ പൂട്ടിയിട്ടതു് സ്റ്റോർറൂമില്. എന്നിട്ടു അക്കാമ്മ ചെന്നല്ലെ തൊറന്നുവിട്ടതു്. ഇപ്പം മിണ്ടിക്കേക്കെന്നില്ല. എന്നാലും ഒരുത്തനെൻറക്കൂടെ എറക്കി പറഞ്ഞയച്ചാലെ സമാധാനപ്പെടാവൂ, നമ്മള്.

ഡാക്ടർ

ജോണിച്ചൻ പറഞ്ഞതു് പത്രാധിപരുടെ കാര്യമല്ലെ? അതിയാൻ ഇപ്പം ഇവിടെയുണ്ടു്. ജോണിച്ചൻ ആലോചിച്ചാൽ നടന്നേക്കും.

തോമ്മാച്ചൻ

എന്നാല് മിസ്റ്റർ മാത്ത്യൂ അതിലൊന്ന് സഹായിക്കണം.

ഡാക്ടർ

പക്ഷെ ഒരുകാര്യമാ? ഇതു നോക്കിക്കെ! ഇപ്പം കിട്ടിയതാ. കൊണ്ടുവന്നതു പത്രാധിപരാണുതാനും. (എഴുത്തെടുത്തു കൊടുക്കുന്നു)

തോമ്മാച്ചൻ

(വായിക്കുന്നു) ഇതെന്നാ, ഈ പറേന്നതു്? എന്തുപററി ജോണിച്ചന്? പോല്ലീസ്സുകേസ്സോ?

ഡാക്ടർ

പററിയതൊക്കെ് അവിടെച്ചെന്നറിയണം. ആരോ അവനെ ചതിച്ചതാകാനെ വഴിയുള്ളു. എറക്കണമെങ്കില്, കണ്ടില്ലെ, 5000ത്രുപയുടെ രണ്ടു ജാമ്യക്കാരു വേണം. ഒന്നു ഞാൻമതി ഒരാളേക്കൂടെ വേണമെന്നാലോചിച്ചപ്പോഴാ തോമ്മാച്ചേട്ടന്റെ പേരു ഞാൻ ഓത്തതു്.

തോമ്മാച്ചൻ

ഞാൻ മതിയൊ?

ഡാക്ടർ

ധാരാളോം കൊറച്ചധികോമാ.

തോമ്മാച്ചൻ

ഞാൻ ഒരു പെൻഷൻ കാരനല്ലെ?

ഡാക്കർ

എന്നാലും D. M. O. അല്ലാഞ്ഞോ? പിന്നെ 5000 ത്തിൻെറ ഒന്നും അല്ലല്ലൊ സ്വത്തു്! പട്ടയം കൈയ്യിലെടുക്കണം.

തോമ്മാച്ചൻ

എപ്പൊപ്പോകണ്ടീട്ടാ?

ഡാക്ടർ

ഇന്നു വൈകിട്ടത്തെ വണ്ടിക്കു പോണം. ലോക്കപ്പീന്നു് ഇറക്കാനല്ലേ! പോലീസ്സുകസ്റ്റടിലാന്നല്ലേ, കണ്ടില്ലേ എഴുത്തു്

തോമ്മാച്ചൻ

അപ്പോഠം, കാര്യം ആലോചിക്കണമെങ്കില് ജോണിച്ചൻ പുറത്തുവന്നിട്ടേ പറവുന്നാ. ഓരോ ഗ്രഹപ്പിഴകളേയ് വിചാരിച്ചിരിക്കാതെ!...

ഡാക്ടർ

അവന് അതു വരണം. കൊള്ളരുതാത്ത കമ്പനികളിൽപ്പെട്ടാല് ഇതും ഇതിലപ്പുറോം പററും. പററണം. പഠിക്കട്ടെ.

തോമ്മാച്ചൻ

അതു പറഞ്ഞതുകൊണ്ടു കാര്യമെന്നാ. ഞാൻകൂടെ പോരണമെങ്കില് എൻെറ കുററമില്ല.

ഡാക്കർ

(ക്ലോക്കുനോക്കി) എന്നാല് വേഗംപോയി തയ്യാറായിവരണം. അക്കാമ്മച്ചേടത്തിയോടു മാത്രേ വിവരം

പറയാവൂ. കൊറച്ച് എമൗണ്ടു പോരാതെവരും ഇവിടെ ബാങ്കിൻെറ ടൈം കഴിഞ്ഞു.

തോമ്മാച്ചൻ

ബാങ്കുകാരു കൊണ്ടെ 50000 തിന്നതിൽ പിന്നെ ഷ്ത്തു പണി ഏവ്വഹെ, നമ്മക്കില്ല. ഇനിക്ക് നല്ലൊന്നാന്തരം ഇരുമ്പുപെട്ടിയൊണ്ട്.

ഡാക്ടർ

എന്നാൽ പറഞ്ഞിരിക്കണ്ടെ. (സിഗററ് പാക്കററ് നീട്ടുന്നു)

(രണ്ടാളും പുകവലിക്കുന്നു)

ഡാക്ടർ

ഞാൻ ഉണ്ടില്ല.

തോമ്മാച്ചൻ

ഞാനും ഉണ്ടില്ല.

ഡാക്ടർ

ഇവിടെ ഉണ്ണാം. (അകത്തേക്കു നോക്കി) ആരു നീ?

തോമ്മാച്ചൻ

വേണ്ട, ചെന്നിട്ടുണ്ടോളാം. അതുമതി.

ഡാക്ടർ

എന്നാൽ പറഞ്ഞപോലെ. സമയം കളയണ്ട.

(തോമ്മാച്ചൻ പോകുന്നു. ഡാക്ടർ അനുയാത്രപോലെ രണ്ടടി പിന്നാലെ നീങ്ങുന്നു)

[യവനിക]

## രംഗം എട്ട്

[പോലീസ്സ്റ്റേഷൻ. മേശക്കപിന്നിൽ കസേരയിൽ ഇൻസ്പെക്ടർ പാത്താടൻ ഇരിക്കുന്നു. ഫുൾ യൂണിഫോറം. കൈയ്യിൽ ഒരു ചൂരവടി]

[മേശക്കുമുമ്പാകെ സോമനെ വിലങ്ങുവെച്ചുനിർത്തിയിരിക്കുന്നു. ഒററമുണ്ടുമാത്രമെ ധരിച്ചിട്ടുള്ളു. ക്ഷൗരംമുടങ്ങി ക്ഷീണിച്ച മുഖഭാവം. മുഷിഞ്ഞവസ്ത്രം]

[അല്പംമാറി റോസിക്കുട്ടിയെ നിർത്തിയിരിക്കുന്നു. സാരിയും ബ്ലൗസും മുഷിഞ്ഞു്. തലമുടിയഴിഞ്ഞുചിന്നി ദുഃഖിതയായിട്ടാണു നില. നിരാഭരണ]

ഇൻസ്പെക്ടർ

ബ്ലഡിറാസ്കൽ, സത്യമൊക്കെ ബോധിപ്പിച്ചോണം. ഇല്ലെങ്കിൽ ഇടിച്ചുനിൻെറ സിലണ്ടറിളക്കും. നായിൻെറമോനെ.

സോമൻ

ഞാൻ മാലമോഷ്ടിച്ചിട്ടില്ല. കള്ളക്കേസിൽ ഞങ്ങളെ വെറുതെ കുടുക്കിയതാ.

ഇൻസ്പെക്ടർ

നീയങ്ങോട്ടു മാറിനിൽക്ക്. (റോസിയോട്) ഇങ്ങോട്ടുമാറിനില്ലെടീ? (റോസി മാറിനിൽക്കുന്നു)

ഇൻസ്പെക്ടർ

ഇവൻ നിന്നെ സമ്മതംക്രൂടാതെ വഞ്ചിച്ചു തട്ടിക്കൊണ്ടുപോയതല്ലെ?

റോസി

അല്ല.

ഇൻസ്പെക്ടർ

ഛപ്. നേരുപറേടീ.

റോസി

ഞാൻ നേരാണുപറയുന്നതു്. എന്നെ നിങ്ങൾ എടീ എന്നു വിളിക്കരുതു്. ഞാൻ ഒരു ഗ്രാജ്വേറ്റാണ്. സ്ത്രീകളെ അപമാനിക്കുന്നതു സങ്കടമാണ്.

ഇൻസ്പെക്ടർ

ഓ, നീ സ്ത്രീയാ? ഇങ്ങോട്ടു മാറിനിക്കെടീ. ഇവൻ ജാതിലാരാ.

റോസി

മനുഷ്യൻ.

ഇൻസ്പെക്ടർ

എടീ, ഇവൾ കേമിയാണെല്ലൊ! മുക്കുവനല്ലേടീ.

റോസി

എന്നോടു ചോദിക്കാനുള്ളതു ചോദിക്കണം.

ഇൻസ്പെക്ടർ

ഇവൻ നിന്നെ തട്ടിക്കൊണ്ടുപോയതല്ല തീർച്ച?

റോസി

അല്ല. എൻെറ പൂൎണ്ണമായ സമ്മതപ്രകാരം ഞങ്ങൾ പോയിട്ടുള്ളതാണ്. വീട്ടുകാൎക്കു സമ്മതമില്ലാത്തതിനാൽ കള്ളക്കേസുണ്ടാക്കി പിടിപ്പിച്ചതാണ്. ഞാൻ മേജറാണ്.

ഇൻസ്പെക്ടർ

നീ ഇവൻെറ ആരാ?

റോസി

ഭാൎയ്യയാണ്.

ഇൻസ്പെക്ടർ

ആരു പറഞ്ഞു? ഭാൎയ്യയാണെന്ന്.

റോസി

അരുണാപുരം സബ്റജിസ്റ്റാർ ആഫീസിൽ വെച്ച് ഞങ്ങൾ രജിസ്റ്റർമാരിയേജ്ജ നടത്തിയിട്ടുണ്ട്. അതിൻെറ രേഖയുണ്ട്.

ഇൻസ്പെക്ടർ

ഇവൻ നിനക്കു മയക്കു മരുന്നുതന്നു വശീകരിച്ചതല്ലേ?

റോസി

അൎത്ഥമില്ലാത്ത ചോദ്യം ചോദിക്കരുത്.

ഇൻസ്പെക്ടർ

ബ്ലഡി ഫൂൾ: എന്തുപറഞ്ഞെടീ.

റോസി

എന്നെ നിങ്ങൾ എടീന്ന വിളിക്കരുതു്.

ഇൻസ്പെക്ടർ

നിൻെറ പേരു്?

റോസി

റോസി എന്നു ഞാൻ പറഞ്ഞിട്ടുണ്ടു്.

ഇൻസ്പെക്ടർ

നിൻെറ ആഭരണങ്ങളൊക്കെ എവിടെ?

റോസി

ഞാൻ വിററു.

ഇൻസ്പെക്ടർ

ഇത്രകാലം എവിടെ താമസിച്ചു.

റോസി

ഞങ്ങൾ ഒരുവീടു് റൻറിനെടുത്തു കുളത്തുപ്പുഴ എസ്റ്റേററിൽ താമസിച്ചു.

ഇൻസ്പെക്ടർ

അപ്പോൾ നീ ഇവൻെറ ഭാര്യയാ തീർച്ച.

റോസി

തീർച്ച.

ഇൻസ്പെക്ടർ

(അകത്തേക്കു നോക്കി) ഹർജിക്കാരനെ ഇങ്ങോട്ടയക്കു്. (റോസിയോടു്) മാറിനിൽക്കു്.

(റോസി മാറി നിൽക്കുന്നു)

ഇൻസ്പെക്ടർ

(സോമനോട്ട്) നിന്റെ ഭാര്യയാണോ ഇവൾ.

സോമൻ

അതെ.

ഇൻസ്പെക്ടർ

എത്ര കാലമായി രജിസ്റ്റർ വിവാഹം നടന്നിട്ട്?

സോമൻ

മൂന്നാഴ്ച.

ഇൻസ്പെക്ടർ

നീ ചന്ദനത്തോപ്പിൽ മിസ്റ്റർ തോമസ്സിന്റെ 5000 രൂപായുടെ സ്വർണ്ണാഭരണം മോഷ്ടിച്ചതായി ചാർജ്ജുണ്ട്.

സോമൻ

കളവാണ്. ഞങ്ങളെ പോലീസ്സുകേസിൽ കുടുക്കാൻ കള്ള ഹർജ്ജിതന്നതാ.

(തോമ്മാച്ചൻ പ്രവേശിക്കുന്നു. എതിരെ കിടക്കുന്ന കസേരയിൽ സിഗററു വലിച്ചുകൊണ്ടിരിക്കുന്നു)

ഇൻസ്പെക്ടർ

(റോസിയോട്ട്) നിനക്കു ഭ്രാന്തുവന്നിട്ടുണ്ടോ?

റോസി

ഇല്ല.

ഇൻസ്പെക്ടർ

(തോമ്മസ്സിനോട്ട്) ഭ്രാന്തുണ്ടായിട്ടുണ്ടോ?

തോമ്മാച്ചൻ

ഉണ്ടായിട്ടൊണ്ട്. തടീന്ന് ചാടിപ്പോയതാ ഇവൾ.

റോസി

എനിക്കു ഭ്രാന്തില്ല. ഒരിക്കലും ഉണ്ടായിട്ടില്ല.

ഇൻസ്പെക്റ്റർ

നിനക്കു ഹിസ്റ്റീരിയാ ഉണ്ടായിട്ടുണ്ടോ?

റോസി

ഒരിക്കലും ഇല്ല. ഞാൻ B. A. B. T. പാസ്സായിട്ടുള്ള ഒരു അദ്ധ്യാപികയാണ്. മേജറാണ്. എനിക്കു ഭ്രാന്തുണ്ടെന്നു വരുത്തിത്തീക്കാൻ നോക്കണ്ട.

ഇൻസ്പെക്റ്റർ

അതു തീരുമാനിക്കേണ്ടതു് ഒരു ഡോക്ടരാണ്.

റോസി

ഇൻഡ്യൻ ഭരണഘടനയനുവദിക്കുന്ന പൗരൻെറ മൗലികാവകാശം എനിക്കും അനുവദിക്കണം.

ഇൻസ്പെക്ടർ

നിൻെറ രക്തം പരിശോധിക്കണം. പരിശോധിച്ചിട്ട് ഭ്രാന്തില്ല എന്നു ഡാക്ടർ സർട്ടിഫൈചെയ്യുന്നെങ്കിലെ നിനക്കു രക്ഷയുള്ളു. (അകത്തേക്കുനോക്കി) എടൊ '548' ഇവളെക്കൊണ്ടെ ലോക്കപ്പിലടയ്ക്കു്

(ഒരു പോലീസ്സുകാരൻ '548' പ്രവേശിച്ചു് സല്യൂട്ടുചെയ്യുന്നു)

ഇൻസ്പെക്ടർ

(സോമനോട്) നീ, മോഷണക്കേസിലെ പ്രതിയാണ്. കേസ്സു ചാർജ്ജുചെയ്യാൻപോകയാണ്.

സോമൻ

എനിക്കൊന്നും പറയാനില്ല. എല്ലാം ഞാൻ ആദ്യമെ പറഞ്ഞിട്ടുണ്ട്.

ഇൻസ്പെക്ടർ

(പോലീസുകാരനോട്) ഇവനെ ആദ്യം കൊണ്ടുപോ. (സോമനോട്) ഹിസ്റ്റീരിയാ ഉള്ള പെൺകുട്ടികളെ തട്ടിക്കൊണ്ടു കടക്കുന്നോ? ആട്ടെ, ഞാൻ കണ്ടോളാം.

(പോല്ലീസ്സുകാരൻ സോമനെ മുന്നിൽനടത്തി പോകുന്നു)

ഇൻസ്പെക്ടർ

(റോസിയോട്) നിന്നെ ഡാക്ടർ പരിശോധനയ്ക്ക് അയയ്ക്കാൻപോകയാ.

(ഒരു നിമിഷംകഴിഞ്ഞ് പോലീസ്സുകാരൻ വന്ന് റോസിയേയുംകൊണ്ടു പോകുന്നു)

തോമ്മാച്ചൻ

ഞാൻ ഒരു കാര്യംപ്രമാണിച്ചു കോയമ്പത്തൂർക്കു പോയിരുന്നപ്പൊഴാ മോഷണം. ഞാൻ വന്നപ്പോൾ പെണ്ണിനേം കാണാനില്ല, ഉരുപ്പടീം ഇല്ല.

ഇൻസ്പെക്ടർ

നിലനിൽക്കാൻ ഞെരുക്കമുണ്ട്. എങ്കിലും നോക്കാം ഞാൻ.

തോമ്മാച്ചൻ

നിങ്ങൾ എന്റെ മാനം രക്ഷിക്കണം.

(ഒരു കവർ ഗൂഢമായി കൈയ്യിലേക്കു വെച്ചുകൊടുക്കുന്നു. ഇൻസ്പെക്ടർ വാങ്ങുന്നു)

ഇൻസ്പെക്റ്റർ

ഡാക്ടരെക്കൂടെ ഒന്നു കാണേണ്ടതുണ്ട്. ഇവിടുത്തെ കാര്യങ്ങൾകൊണ്ടൊന്നും പേടിക്കണ്ട.

(തോമ്മാച്ചൻ ഇൻസ്പെക്ടർക്കു ഹസ്തദാനം ചെയ്യുന്നു)

[യവനിക]

## രംഗം ഒൻപതു്

[ചന്ദനത്തോപ്പിൽ ബംഗ്ലാവ്]

[ആനി മാത്യു ആവേശഭരിതയായി പ്രവേശിക്കുന്നു. കൈത്തണ്ടയിൽ ഹാൻഡ്ബാഗ്. റിസ്റ്റ്വാച്ച്. കണ്ണട. വേഷം ആകെ മുഷിഞ്ഞും ഉടഞ്ഞും കാണപ്പെടുന്നു]

(വന്നുനിന്നു്)

അക്കാമ്മക്കൊച്ചമ്മേ, അക്കാമ്മക്കൊച്ചമ്മേ. (തിരക്കിട്ടു വിളിക്കുന്നു)

(അകത്തുനിന്നു് അക്കാമ്മ)

ആരാ അതു്?

ആനി

ഞാനാ...ഒന്നിങ്ങോട്ടു വാ—വേഗം.

(അക്കാമ്മ പ്രവേശിക്കുന്നു. പുടകയും, ചട്ടയും, കൊന്തമാലയും വേഷം)

അക്കാമ്മ

എന്താ മോളെ. നീ എവിടുന്നു വരികയാ?

ആനി

അതൊക്കെപ്പിന്നെപ്പറയാം. കൊച്ചമ്മയുടെ മകളാണോ റോസി?

അക്കാമ്മ

ഉം എന്താ?

ആനി

ആണെങ്കില് എനിക്കു രണ്ടുവാക്കു പറയാനുണ്ട്. നിങ്ങള് വെറുംപിടുത്തം പിടിച്ച് ഒരാത്മാവിനെ നശിപ്പിക്കരുത്.

അക്കാമ്മ

എന്നാ, പറയാൻവരുന്നതു പറ.

ആനി

എന്നാലേയ്, റോസി ഇപ്പോം പോലീസ്സുകസ്റ്റടിയിലാണ്. അവളുടെ അപ്പനാ പിടിപ്പിച്ചതു്. ഇതൊക്കെ അപ്പനും, അമ്മയും ഒക്കെയാണെന്നു പറേന്നൊല്ലൊ!

അക്കാമ്മ

എന്നാ ഇപ്പഴേന്നൊ? ഇനിക്കൊന്നും മനസ്സിലാകുന്നില്ല. പെണ്ണ് പോയവഴിപോകട്ടെന്നു ഞാൻ പറയാൻ തൊടങ്ങീട്ടു ദിവസമെത്രായീന്നു നീയറിഞ്ഞില്ല. ആഹാ, അവളുടെ അപ്പനാ പിടിപ്പിച്ചതു്?

ആനി

ആ! എന്നാലേയ്, അവളെ ഭ്രാന്താശ്ശുപത്രീലേക്കു മാററാനുംപോകയാ.

അക്കാമ്മ

എൻെറ കർത്താവെ! അവൾക്കതിനു ഭ്രാന്തില്ലല്ലൊ! പെഴച്ചതു പെഴച്ചവഴിക്കങ്ങു പോയീന്നുവെച്ചാപ്പോരെ. അതിയാൻ അവളെക്കൊന്നേ അടങ്ങു.

ആനി

ആങ്, എനിക്കും പറയാനുള്ളതു് അതാണു്. അക്കാമ്മകൊച്ചമ്മ പെററതല്ലേ അവളെ. എത്രയായാലും സ്വന്തം മകളുമല്ലേ? പിന്നെ ഇന്നാത്തെക്കാലത്തു് ഇതിനൊക്കെ എന്നാ ഒരു കൊറച്ചില്? എവിടൊക്കെ നടക്കുന്നു ഇത്തരം ബന്ധങ്ങള്. ആ കുടുംബക്കാരൊക്കെ എന്നാ തൂങ്ങിച്ചാവുകയാ? ഹൊ! ഒരു ന്തഃലന്നൊറങ്ങിയ തറവാട്ട്!

അക്കാമ്മ

എടീ, ഞാനെന്തുഃവണം. ഞാനവളെ വിട്ടതാ ഇഷ്ടംഃപാലെ എവിടെയെങ്കിലുംപോയി നശിക്കട്ടെ. അവളെ ഞങ്ങള് B. A. വരെ പടിപ്പിച്ചു. ജോലീം ഉണ്ടാക്കിക്കൊട്ടുത്തു. കല്യാണം പലതു പറഞ്ഞതുമാ. അവളുടെ ഇഷ്ടം അതല്ല.

ആനി

അവളുടെ ഇഷ്ടം അങ്ങു സമ്മതിച്ചുകൊടുത്തേക്കരുതൊ ഇനിയെങ്കിലും? ഇന്നത്തെക്കാലത്തു ഈ ജാതീം, മഃതാം, ആരാ നോക്കുന്നതു്? അവളെ നിങ്ങളു കൊല്ലിക്കരുതു്.

അക്കാമ്മ

അവനേം പിടിച്ചോ പോലീസ്സ്? സോമനേം?

ആനി

സോമനേയും ലോക്കപ്പിലാക്കിയിരിക്കയാ. ഒരു മോഷണക്കേസ്സുംക്രൂടി ചാര്ജ്ജു ചെയ്യുന്നു കേട്ടു. എന്റെ

അപ്പച്ചനുംക്രുടിയാ ഇതിൻെറ ആലോചനക്കാരൻ. രണ്ടുപേരുംക്രുടെ അവിടെ ഇരുന്ന് എത്ര ദിവസത്തെ ആലോചനയാന്നറിയാമോ? പിന്നെ ഒരു വക്കീലിനേ കാണാം ഈയിടെ. എല്ലാരുംക്രുടെ നിങ്ങളവളെ കൊല്ലിക്കും. ഭ്രാന്താശുപത്രീലാക്കുന്നത് ഒരു പ്ലാനാ! ഭ്രാന്തില്ലാത്തവക്കുംക്രുടി ഭ്രാന്തു വരും അവിടെച്ചെന്നാല്. തറവാടിൻെറ മാനം രക്ഷിക്കുന്നു!

അക്കാമ്മ

ഞാനെന്തുവേണം, നീ പറ. അവളുടെ അപ്പച്ചൻ ഇങ്ങനെയങ്ങ തൊടങ്ങിയാല് നമ്മെളു പെണ്ണുങ്ങളല്ലേ? എന്നിട്ടതിയാനെവിടെ? ഇവിടെന്ന് ഇറങ്ങീട്ട് നാലായി ദിവസം.

ആനി

കൊച്ചമ്മയ്ക്കവളോടു സ്നേഹമുണ്ടോ? എന്നാൽ വഴിയുണ്ട്. ഞാൻ പറഞ്ഞുതരാം.

അക്കാമ്മ

എന്താ മോളേ, ഇങ്ങനെ പറയുന്നത്? എത്ര എല്ലാമായാലും ഞാൻ അവളെ നൊന്തുപെററതല്ലേ? നാലെണ്ണത്തിനെ കുഴിക്കുകൊടുത്തിട്ട് അഞ്ചാമതൊണ്ടായ മോളാ. ഞാനെന്തുവേണം, നീ പറ?

ആനി

നേരെ ഊളൻപാറക്കു ചെല്ലണം. ഡാക്കുരെ അങ്ങോട്ടു കാണണം. എൻെറ മകൾക്കു ഭ്രാന്തില്ല എന്ന് സ്റ്റേററുമെൻറു കൊടുക്കണം. ഐ. ജി. ക്കും സ്റ്റേററുമെൻറു കൊടുക്കണം. അതുമാത്രം കൊണ്ടായില്ല. അ

വളുടെ രജിസ്റ്റർമാരിയേജ് കാരണമാണ് ഇതെല്ലാമെന്ന് സമ്മതിച്ചുകൊടുക്കണം. എന്നാൽ രക്ഷയുണ്ട്. അല്ലെങ്കിലുണ്ടല്ലോ, തോമ്മാച്ചായൻ അവളെ ഭ്രാന്താശുപത്രീലിട്ടു കൊല്ലിക്കും.

അക്കാമ്മ

ഇനിക്കൊന്നും അറിയാമ്മേല. എല്ലാംകൂടി കേട്ടിട്ട് ഒരാധിയാ.

ആനി

എന്റെ അപ്പച്ചൻ പണംവെച്ചുനീട്ടിയാല് ഏതു കൊലപാതകത്തിനും കൂട്ടുനിൽക്കും. അപ്പച്ചന്റെ ഒരു കൂട്ടുകാരനാ ഭ്രാന്താശുപത്രീലെ ഡാക്ടർ. അയാൾക്കു അപ്പച്ചനെക്കൊണ്ടു എഴുത്തുവാങ്ങിച്ചാ, തോമ്മാച്ചായൻ കാറുപിടിച്ചു പോയിരിക്കുന്നത്.

അക്കാമ്മ

കാലൻ, മുതുകാലൻ!......എന്റെ റോസിക്കുട്ടീ. നിന്റെ വിധി ഇങ്ങനെയായെല്ലാ! ആട്ടെ, സോമനേം ഇവരു കൊല്ലിക്കുമൊ?

ആനി

ആദ്യം അയാളെ സസ്പെൻറു ചെയ്യിച്ചില്ലേ? ഇപ്പോൾ മോഷണക്കേസും ചുമത്തി. ആ ചെറുപ്പക്കാരനേയും ഇവർ നശിപ്പിച്ചു. അല്ല. ഇനിപുറത്തു വന്നതുകൊണ്ടും പ്രയോജനമില്ല. ഉമ്മറിന്റെ ആദ്യത്തെ ഇടിയില്ലേ. എല്ലാം ഇനിക്ക് അറിയാം.

അക്കാമ്മ

ആട്ടെ. ഞാൻ എറങ്ങിയാൽ പറവമോടീ. കു

ത്താവേ...ഞാൻ എന്തെല്ലാം കാണണം?

ആനി

എറങ്ങാൻ തയ്യാറുണ്ടോ? അക്കാമ്മക്കൊച്ചമ്മ! പണമില്ലെങ്കിൽ തറവാട്ട വിൽക്ക്!

അക്കാമ്മ

അതൊന്നും വേണ്ടിന്ന് ദൈവം തിരുമനസ്സായിട്ട് ...ആട്ടെ, നീക്കൂടെ വരാമോ എൻെറകൂടെ?

ആനി

അപ്പച്ചൻ അറിയാതെയാ ഞാൻ ഓടിവന്നത്. ആട്ടെ, ഏതായാലും കൊച്ചമ്മ ചട്ടമാറ്.

അക്കാമ്മ

ഹൌ, ഒരു തറവാട്ടുകാരൻ! (എന്തോ ചിന്തിച്ചുറച്ച പോലെ) അതിയാൻ അപ്പനാണെങ്കിൽ ഞാൻ അവളുടെ അമ്മച്ചിയാ. ഞാനാണൊന്നുപെററത്. കത്താവായ ദൈവമെ!......

ആനി

സമയം കളയണ്ട. വേഗം പോകണം.

അക്കാമ്മ

നീയിരി. ഇതാ ഞാൻ വന്നു. (അകത്തേക്കു ധൃതിയിൽ പോകുന്നു)

(ആനി കാത്തിരിക്കുന്നു)

[യവനിക]

## രംഗം പത്ത്

[ഭ്രാന്താശുപത്രി]

[ഡാക്ടർ—കറുത്ത കോട്ടും, സൂട്ടും ധരിച്ച ഒരു ഭയങ്കര മനുഷ്യൻ. കൈയ്യിൽ ചാട്ടവാറും പിടിച്ച് ഉഗ്രനായി നിൽക്കുന്നു—ആശുപത്രിമുറി]

[മുറിയിൽ മേശപ്പുറത്ത് സെത്തസ്കോപ്പും ഒന്നുരണ്ടു ചൂരൽവടികളും ഇരിക്കുന്നു]

[റോസിക്കുട്ടി അവിടെ ഒരു ബെഞ്ചിൽ ഇരിക്കുന്നു. കൈരണ്ടും കൂട്ടിക്കെട്ടിയിരിക്കുന്നു. തലമുടിയഴിഞ്ഞു ചിന്നികിടക്കുന്നു. കരഞ്ഞുകലങ്ങിയ കണ്ണുകൾ!]

ഡാക്ടർ

വയസ്സ്? (റോസി മിണ്ടുന്നില്ല)

ഡാക്ടർ

ഉം, വയസ്സ്?

റോസി

(ഉഗ്രസ്വരത്തിൽ) എന്റെ കൈ അഴിച്ചു വിടണം. എനിക്കു ഭ്രാന്തില്ല എന്റെ രക്തത്തിൽ ഭ്രാന്തല്ല. സ്നേഹമാണുള്ളത്. സബ്രജിസ്ട്രാരാഫീസിൽചെന്നു നോക്ക് അതിന്റെ റിക്കാർഡ് അവിടെയുണ്ട്.

ഡാക്ടർ

അതു പരിശോധനക്കുശേഷം പറയാം.

റോസി

നിങ്ങൾ എന്നെ പരിശോധിക്കണ്ട. നിങ്ങൾ പരിശോധിക്കാൻ പോകുന്നതു് എന്തിനാണെന്നു എനിക്കറിയാം. (ഭയാക്രാന്തയായി) എങ്കിലും എൻറപ്പച്ചാ......

ഡാക്ടർ

ഇവിടെ നിൻെറ അപ്പച്ചൻ ഇല്ല. ഇതു് ഭ്രാന്താശുപത്രിയാണു്. ഭ്രാന്തിനു ചികിത്സിക്കുന്ന സ്ഥലം.

റോസി

അല്ല, ഭ്രാന്തുവരുത്തുന്ന സ്ഥലം. ഞാൻ പ്രായപൂത്തിവന്ന ഒരു പെണ്ണാണു്. എനിക്കിഷ്ടപ്പെടുന്ന ഒരാളെ ഭത്താവായി സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇൻഡ്യൻഭരണഘടന അനുവദിച്ചിട്ടുണ്ടു്. അതു വായിച്ചറിയാനുള്ള വിദ്യാഭ്യാസം എനിക്കുണ്ടു്. അതെങ്കിലും ഓത്തു് എൻെറ കൈയ്യ് അഴിച്ചുവിടണം. എനിക്കു ഭ്രാന്തില്ല എൻെറ രക്തത്തിൽ സ്നേഹവും സ്വാതന്ത്ര്യബോധവുമാണുള്ളതു്. (കൈ കുലുക്കിക്കാണിച്ചു്) അഴിച്ചുവിടണം എന്നെ! അല്ലെങ്കിൽ മരുന്നുകുത്തിവെച്ചു് കൊല്ലണം. (തളന്നു്) അയ്യോ! എൻെറ അമ്മച്ചീ...

ഡാക്ടർ

(നിദ്ദയം) ഉം, എണീക്കു്. (വടികൊണ്ടു് ആംഗ്യംകാണിച്ചു ഗജ്ജിക്കുന്നു)

റോസി

ഇല്ല, ഞാൻ വരികേല, എങ്ങോട്ടും വരികേല.

ഡാക്ടർ

(വടിയോങ്ങി) നടക്കെടീ, ഓപ്പറേഷൻതിയേററി ലേക്ക്. ഉം, എണീക്ക്.

റോസി

ഇല്ല, എനിക്ക ഭ്രാന്തില്ല. എൻെറ രക്തത്തിൽ ഭ്രാന്തില്ല. അപ്പച്ചൻെറ പച്ചനോട്ടാണ് എന്നെ ഭ്രാന്തത്തിയാക്കിയത്.

ഡാക്ടർ

(കടുത്തശബ്ദത്തിൽ) എണീക്കാനല്ലെ പറഞ്ഞത്. (ചെന്നു് കൈരണ്ടുംപിടിച്ചു പൊക്കുന്നു)

റോസി

അയ്യോ, എൻെറമ്മച്ചീ! (ഉറക്കെ നിലവിളിക്കുന്നു) എന്നെ കൊല്ലാൻകൊണ്ടുപോകുന്നേ!!

[യവനിക]

# രംഗം പതിനൊന്നു്

[ചന്ദനത്തോപ്പിൽ ബംഗ്ലാവ്]
[മുൻവശത്തെ വലിയ ഹോറം]

[റോസിയുടെ ശവശരീരം ഒരു കട്ടിലിൽ മൂടിപ്പുതപ്പിച്ചു കിടത്തിയിരിക്കുന്നു]

[തലയ്ക്കൽ കിടക്കുന്ന ഒരു മേശപ്പുറത്തു് തടിച്ച രണ്ടു മെഴുകുതിരികൾ എരിഞ്ഞുനിൽക്കുന്നു. കർത്താവിൻെറ രൂപക്കൂട് മേശപ്പുറത്തു് അലങ്കരിച്ചുവെച്ചിരിക്കുന്നു. കുന്തിരിക്കവും ചാമ്പ്രാണിയും പുകയുന്നു. ഒരു ചെറിയ മരക്കുരിശു് മേശമേൽ ഉയർത്തിവെച്ചിരിക്കുന്നു. തൊട്ടടുത്തു് ബൈബിളും]

[അക്കാമ്മ അടക്കാനാവാത്ത വിഷാദ ഭാരത്തോടെ ആനിമാത്യുവിൻെറ മടിയിലേക്കു ചാഞ്ഞു കിടന്നു് നെഞ്ഞത്തു നിലവിളിക്കുന്നു. ആനിമാത്യുവിൻെറ കവിളിൽ കൂടി കണ്ണീർ ഒഴുകുന്നു. ആ മുടി അഴിഞ്ഞുകിടക്കുന്നു]

[അണിയറയിൽ ശോകമൂകവും ഭയാനകവുമായ പരുഷസ്വരത്തിൽ ഒരു ഗാനധാര കേൾക്കാം]

[മുഖത്താകെ വസൂരിക്കലവീണു വികൃതമായി ഒരു കണ്ണു നഷ്ടപ്പെട്ടു് കീറിപ്പറിഞ്ഞവേഷത്തിൽ ഉമ്മർ ഭയങ്കരനാ

യി പ്രവേശിക്കുന്നു. അക്കാമ്മയും ആനീയും പകച്ചുനോക്കുന്നു]

ഉമ്മർ

അമ്മച്ചീ, എനിക്കുകിട്ടി. കൂലികിട്ടി! എല്ലാരേയും ഒന്നു കാണാൻവന്നതാ ഞാൻ. കൊച്ചുമൊതലാളിയെ മാത്രം ജാമ്യത്തിൽ എറക്കികൊണ്ടു് ഇവരുപോന്നു. മൊതലാളിമാക്കു് ഒട്ടക്കം ഉമ്മറെ വേണ്ട! ഉമ്മറുണ്ടല്ലൊ! ജയിലുചാടി; ഒളിച്ചുനടന്നു് വസൂരിപിടിച്ചു. (കണ്ണുചൂണ്ടി) കണ്ടോ, എന്റെ കണ്ണു്! പണ്ടാരവസൂരി എന്റെ കണ്ണുപൊട്ടിച്ചു. ഇനിക്കിതുവേണം. കിട്ടി, എനിക്കു കൂലികിട്ടി. ഞാൻ വഴീന്നോ കേട്ടു: ഭ്രാന്താശുപത്രിക്കാരുനടത്തിയ കൊലപാതകം. അല്ല, അവരല്ല കൊന്നതു്. ഈ നിക്കുന്ന ഉമ്മറാ! ഈ പെങ്കൊച്ചിനേം, ആ സോമനേംതമ്മിപ്പിരിച്ചാൻ ഈ നിക്കുന്ന ഉമ്മറാ. എല്ലാരേം ഞാൻ കാണും. കണ്ടോളാം. (വീങ്ങിപ്പൊട്ടിക്കരഞ്ഞുകൊണ്ടു് റോസിക്കുട്ടിയുടെ പാദംതൊട്ടു്) കുഞ്ഞേ, എന്റെ പൊന്നാരത്തു കുഞ്ഞുപെങ്ങളെ; എല്ലാരേയും ഉമ്മറു കണ്ടോളാം. ഉമ്മറു കണ്ടോളാം. (എന്നിട്ടു ഭയങ്കരനായി തലയുയർത്തി) എവിടെ, തോമ്മാച്ചൻ! ചന്ദനത്തോപ്പിൽ തോമ്മാച്ചൻ!

(തോമ്മാച്ചൻ വെടികൊണ്ട പന്നിയെപ്പോലെ പെട്ടെന്നു് ഓടിപ്രവേശിച്ചു്)

തോമ്മാച്ചൻ

കടക്കെടാ, കടക്കെടാ, പൊറത്തു്. ഉം, എറങ്ങു്!

ഉമ്മർ

തന്നെ ഒന്നു കാണാനാ ഞാൻ വന്നതു്. എന്നെ

നിങ്ങള്ക്ക് എറക്കിയിട്ടില്ലെങ്കിലും ഞാൻ ഇങ്ങെത്തി. താൻ തിന്നാണം ഈ ശവം!

തോമ്മാച്ചൻ

പോടാ, പോടാ, പോടാ, (ആട്ടിയോടിക്കാൻ മുന്നോട്ടടുക്കുന്നു)

(ഉമ്മർ വെടിപൊട്ടുന്നപോലെ തോമ്മാച്ചന്റെ ചെകിട്ടത്ത്' 'പാടേ'ന്ന് ഒററയടി. എന്നിട്ട് ഒരു അട്ടഹാസവും പൊട്ടിച്ചിരിയും!)

[യവനിക]

## രംഗം പന്ത്രണ്ട്

[ഡാക്ടർ മാത്യുപാറയ്ക്കലിൻെറ ബംഗ്ലാവ്. മാത്യുപാറയ്ക്കൽ ഉഗ്രഭാവത്തിൽ ഇരുന്നു സിഗററ വലിച്ചു പുക വിടുന്നു. ഒരു കൽപ്രതിമപോലെ ചലിക്കാതെ ദൂരേക്കു ദൃഷ്ടിതറപ്പിച്ചുകൊണ്ട്, തുടകലുക്കി ആലോചനയിലാണ്ട് സോഫായിൽ നിവന്നിരുന്നു. അടുത്തുമാറി തേനീച്ചപത്രാധിപർ ബേബിച്ചൻ ഇരുന്നു സംസാരിക്കുന്നു. സംസാരം ലാഘവത്തിലാണ്]

ബേബി

പ്രശ്നം ലളിതമാണ്. പത്രത്തിൽ കാണുന്നതേ പൊതുജനം വിശ്വസിക്കൂ! തേനീച്ചയിൽ ത്രിബിൾ കോളം ഹെഡിങ്ങിൽ കൊടുത്തേക്കാം. "ഹാർട്ട് ഡിസ്സീസ്–ഹൃദയസ്തംഭനം" എന്ന്! പേപ്പർ കട്ടിംഗ് ഹാജരാക്കിയാൽമതി കോടതിയിൽ! പക്ഷേ, ന്യൂസ്പ്രിൻറ് കിട്ടണം.

മാത്യു

(സ്വഗതമായി) നീ ഇങ്ങുവാ! നിന്നെ നാലക്ഷരം പഠിപ്പിച്ചതിൻെറ കൂലി! നീ എൻെറ പേരിൽ പരാതി കൊടുത്തു ഇല്ലേടി മന്ത്രിക്ക്! ഒന്നുകിൽ നീയ് അല്ലെങ്കിൽ ഞാൻ! ഡാക്റ്റർ പാറക്കലിൻെറ മകളാണോടി നീയ്?

ബേബി

പാപം! പാപം! ആനിമാത്യു കൂടെപ്പോയതേയു ള്ളൂ. അക്കാമ്മതോമ്മസ്സാണ് ഐ. ജിയെ കണ്ടത്. പ്രശ്നം ക്ലീയറാണ്. പത്രത്തിലുണ്ട്.

(ആനിമാത്യു മുടിയഴിച്ചിട്ട് നിശ്ചയദാർഢ്യത്തോടെ കടന്നുവരുന്നു)

(ഡാക്ടർ മകളെ കണ്ടതോടെ ഉഗ്രയായി മാറി)

ഡാക്ടർ

എടീ!! ...നീ എവിടാരുന്നു? റോസി പോയവഴി കണ്ടോണ്ടാണോ കളിക്കുന്നത്?

ആനി

കണ്ടു, അപ്പച്ചാ കണ്ടു. രക്തത്തിൽ ഭ്രാന്തുണ്ടെ എന്നു പറഞ്ഞ് അവളെ മരുന്നു കുത്തിവെച്ചു കൊന്ന ഡാക്ടർമാരേയും ഞാൻ കണ്ടു. ഇനി കാണാൻ ഒന്നും ഇല്ല.

ഡാക്ടർ

ഛെടീ, മിണ്ടരുത്. പൊകച്ചുകളേം!! പൊകച്ചു കളേം ഞാൻ നിന്നെ! സൂക്ഷിച്ചു സംസാരിച്ചോ!

ആനി

എനിക്കറിയാം അപ്പച്ചാ അതും. അതും കൂടി ചെയ്യേ അപ്പച്ചൻ അടങ്ങൂന്ന്. കണ്ടോണ്ടാ ഞാൻ നേ രെവന്നു നിൽക്കുന്നത്.

ബേബി

നെവർമൈൻഡ്, നെവർമൈൻഡ്. (ആനിയെ സമാധാനിപ്പിക്കാൻ ചിരിച്ചുകാണിക്കുന്നു)

DHARMARAM COLLEGE BANGALORE 19675

ആനി

എന്തിനാ ഇയാൾ ഇവിടെ ഇരിക്കുന്നതു്. ഇത്തരം കുഷ്ടരോഗികളുമായിട്ടുള്ള കൂട്ടാണു്. കണ്ടോരുടെയൊക്കെ കണ്ണുനീരിൻെറ ഫലമാ. പണം വാരിയെറിഞ്ഞു് ഏറാക്കിക്കൊണ്ടുന്നതല്ലെ ജോണിച്ചായനെ. ചെന്നു നോക്കപ്പച്ചൻ ബ്രാണ്ടിക്കടേല്! (ബേബിച്ചനോടു തിരിഞ്ഞു്) പോണം, താൻ. ഒരുസെക്കൻറു് ഇനി ഇവിടെ കണ്ടുകൂടാ. ഞാനാ പറഞ്ഞതു്.

ബേബി

മാഡം...(അല്പം ഭയത്തോടെ നോക്കുന്നു)

ആനി

മാടം! പോകാനല്ലേ പറഞ്ഞതു്. കരിന്തേളിനെപ്പോലെ നോക്കിയിരിക്കയൊ. മാടം!

(ഡാക്ടർ എന്തോ, ഭയങ്കരമായി ചിന്തിച്ചിരിക്കുന്നു)

ആനി

(ഡാക്ടരോടു്) അപ്പച്ചാ, ഞാൻ ഇതു പറയും: ഭ്രാന്തു് ആരുടെ രക്തത്തിലാണെന്നു്. ഹൃദയമുള്ള മനുഷ്യർ ഈ നാട്ടിലുണ്ടു്; അവർ തീരുമാനിക്കണം.

(ആനിയുടെ ഓരോവാക്കിലും ഡാക്ടർ പൊള്ളുന്നവിധം നടുങ്ങുന്നു)

ആനി

ഈ കൊലച്ചതി ഞാൻ പുറത്താക്കും. ഒരു ശക്തിക്കും എന്നെത്തടുക്കാൻ സാദ്ധ്യമല്ല. (വെട്ടിത്തിരിഞ്ഞു്) ഇവിടെ ഒരു ഗവമ്മേൻറുണ്ടോ എന്നു ഞാൻ നോക്കട്ടെ! (മിന്നൽപിണർപോലെ മറയുന്നു)

(ആനീയുടെ അവസാനത്തെ വാക്കുകേട്ടു് ഡാക്ടർ ഭ്രാന്തനെപ്പോലെ ചാടിയെഴുന്നേററു്)

ആനീ.........(ഉള്ളുരുമ്പും മുഴക്കെയെടുത്തു വിളിക്കുന്നു ആനീ!! (ഓടിച്ചെന്നു് മേശയുടെ വലിപ്പുതുറക്കുന്നു. പെട്ടന്നു അതു വലിച്ചടച്ചു് അകത്തേക്കു ഓടി)

(ബേബിച്ചൻ രംഗം വഷളായതുകണ്ടു എന്തുചെയ്യേണ്ടൂ എന്നറിയാതെ തോൽബാഗ്ഗ കക്ഷത്തിലെടുത്തു് സൂക്ഷിച്ചു, കൊണ്ടു് അകത്തേക്കുനോക്കി സ്ഥലംവിടാൻ തഞ്ചംകാക്കുന്നു)

(ഡാക്ടർ ഒരു കൈത്തോക്കുമായി പെട്ടന്നു പുറത്തുവന്നു് വലത്തുകൈയ്യിൽ അതു ചൂണ്ടിപ്പിടിച്ചു്)

ഡാക്ടർ

ബേബിച്ചാ! കാറു വിളി.

(ആകെ പന്തികേടായി കണ്ടു് ബേബിച്ചൻ അപ്പോഴേക്കും സ്ഥലം വിട്ടു കഴിഞ്ഞിരുന്നു)

(ഡാക്ടർ നിശ്ചലനായി ദൂരേക്കുനോക്കി നിൽക്കുന്നു. വലത്തു കൈയ്യിൽ കൈത്തോക്കിരുന്നു ഞെരിയുന്നു)

(അണിയറയിൽ രാക്ഷസീയമായ ഒരു പൊട്ടിച്ചിരി രണ്ടു പ്രാവശ്യം ഉറക്കേ കേൾക്കുന്നു. ചിരികേൾക്കുന്നതിനൊപ്പിച്ചു് ഡാക്ടരുടെ കണ്ണുകൾ വികസിക്കുന്നു. ഞെട്ടിവിറയ്ക്കുന്നു)


[യവനിക]

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 8 NOV 1994 | | |
| 23 NOV 2006 | | |

DC Library
*00019675*
T62 D19




Indic Digital Archive Foundation
gpura.org